PALAKKAD
Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

# ഉള്ളടക്കം

വിജ്ഞാപനം– റൂബിജൂബിലി..........................03
ഇടയലേഖനം – സഭാദിനം............................05
സർക്കുലർ – കെ.സി.ബി.സി.........................10
തലോർ ഇടവക.............................................15
Bishop's Engagement...................................17
From the Bishop's Office.............................18
നിത്യാരാധനാ കപ്പേള....................................22
വിശ്വാസപരിശീലനവേദി.................................23
സ്റ്റാർസ്........................................................27
ബൈബിൾ അപ്പോസ്റ്റലേറ്റ്...............................28
തിരുബാലസഖ്യം.............................................31
അൾത്താരസംഘം..........................................32
സി.എം.എൽ.................................................34
കെ.സി.വൈ.എം...........................................35
സി.എൽ.സി..................................................38
മാതൃസംഘം..................................................39
ഫാമിലി അപ്പോസ്റ്റലേറ്റ്..................................40
എ.കെ.സി.സി................................................41
സെമിനാരി വാർത്തകൾ.................................42
സെഹിയോൻ ധ്യാനകേന്ദ്രം...........................43
പി. എസ്. എസ്. പി........................................44
കെ.എൽ.എം..................................................48
From the Bishop's Diary...............................49

302/2014
30.06.2014

# വിജ്ഞാപനം - 123

## റൂബിജൂബിലി

മിശിഹായിൽ പ്രിയപ്പെട്ടവരെ,

നമ്മുടെ രൂപതാ അസംബ്ലിക്കുള്ള ഒരുക്കങ്ങൾ വിവിധ മേഖലകളിൽ ക്രമമായി നടക്കുന്നുണ്ടെന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതിനകം എല്ലാ ഇടവകകളിലും ഹോംമിഷൻ വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞു. ഇടവകകളിൽ അതിനാവശ്യമായ ഒരുക്കങ്ങൾ നടത്തിയ ബഹു. വികാരിയച്ചന്മാർക്കും കൈക്കാരന്മാർക്കും ഹോംമിഷൻ പ്രാർത്ഥനാപൂർവ്വം നിർവ്വഹിച്ച ബഹു. സിസ്റ്റേഴ്സിനും ഡയറക്ടറച്ചനും ഹൃദയപൂർവ്വം നന്ദി പറയുന്നു. കുടുംബസമ്മേളന യൂണിറ്റുകളിലും സംഘടനകളിലും സന്ന്യാസസഭാസമൂഹങ്ങളിലും ചർച്ച ചെയ്യുവാനായി അയച്ചുതന്ന പഠനരേഖകൾ നിങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ ചർച്ച ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ടെന്ന് വിചാരിക്കുന്നു. ഈ അസംബ്ലിയിലൂടെ നമ്മിലും കുടുംബത്തിലും സമൂഹത്തിലും വരുത്തേണ്ട മാറ്റത്തിനും പുതിയ കർമ്മ പരിപാടികളുടെ തുടക്കത്തിനും ആധാരമായി നിൽക്കുന്നത് നമ്മൾ നടത്തുന്ന പഠനങ്ങളും ചർച്ചകളും തീരുമാനങ്ങളുമാണെന്ന് പ്രത്യേകം എടുത്ത് പറയേണ്ടതില്ലല്ലോ. എപ്പാർക്കിയൽ അസംബ്ലി നവംബർ 10 മുതൽ 14 വരെ തിയ്യതികളിൽ യുവക്ഷേത്രയിൽ വെച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

ഒക്ടോബർ 2-ന് ആഘോഷിക്കുന്ന രൂപതാ റൂബി ജൂബിലിയോടനുബന്ധിച്ച് കലാകായിക, സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ പ്രതിഭയും മികവും തെളിയിച്ചവരെ ആദരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് വിശദവിവരങ്ങൾ ജൂൺ, ജൂലൈ മാസങ്ങളിലെ ബുള്ളറ്റിനുകളിൽ കൊടുത്തിട്ടുണ്ട്. അവാർഡിന് അർഹരായവർ ബഹു. വികാരിയച്ചന്റെ പക്കൽ പേര് നൽകേണ്ടതും പ്രസ്തുത ലിസ്റ്റ് ജൂലൈ 31-നകം രൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.





ഒന്നാം ക്ലാസ് മുതൽ ഉയർന്ന ക്ലാസുകൾ വരെ പഠിക്കുന്ന കുട്ടികൾക്കും പ്രൊഫഷണൽ, ടെക്നിക്കൽ കോഴ്സുകൾ പഠിക്കുന്നവർക്കും ഏർപ്പെടുത്തിയിരിക്കുന്ന വിവിധയിനം സ്കോളർഷിപ്പുകളെ കുറിച്ച് ജൂൺമാസത്തെ ബുള്ളറ്റിനിൽ വിശദമായി കൊടുത്തിട്ടുണ്ട്. അപേക്ഷകൾ യഥാസമയത്തും വിധത്തിലും അയക്കുന്നതിന് നമ്മുടെ പി.എസ്.എസ്.പി-യിലെ പ്രത്യേക വിഭാഗം സന്നദ്ധമാണ്.

രൂപതയുടെ ആഭിമുഖ്യത്തിൽ മാസംതോറും ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ഔദ്യോഗിക തലങ്ങളിൽ ആലോചിച്ച് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റൂബി ജൂബിലിയോടനുബന്ധിച്ച് അതിന് തുടക്കം കുറിക്കുന്നതാണ്. സമകാലിക സമൂഹ്യ സാംസ്കാരിക രാഷ്ട്രിയ മേഖലകളെ ക്രൈസ്തവ വീക്ഷണത്തോടെ വിലയിരുത്തി കാര്യങ്ങൾ രൂപതയിലെ എല്ലാ ഭവനങ്ങളിലും അറയിക്കുകയാണ് ഈ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. ഈ വാർത്താ പത്രികക്ക് ഉചിതമായ പേര് നിങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. ആഗസ്റ്റ് 15-ന് മുമ്പ് ഏൽപ്പിക്കുന്ന പേരുകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന പേരിന് പാരിതോഷികം നൽകുന്നതായിരിക്കും. രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചക്ക് നിങ്ങൾ ഓരോരുത്തരും നൽകുന്ന പ്രാർത്ഥനക്കും സഹായത്തിനും ഞാൻ പ്രത്യേകം നന്ദി പറയുന്നു.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

---

NB: ഈ വിജ്ഞാപനം **2014 ജൂലൈ .......... -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

# സഭാദിനം - ഇടയലേഖനം

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

**മാർ ജോർജ്ജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും

മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും

തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന

എല്ലാ ദൈവജനത്തിനും എഴുതു ന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുന്നാളാണ് ജൂലൈ 3-ാം തിയതി നാം ആഘോഷിക്കുന്ന ദുക്റാന. സാർവ്വത്രിക സഭയിൽ എല്ലായിടത്തും ജൂലൈ 3-ാം തിയതി തന്നെയാണ് തോമ്മാശ്ലീഹായുടെ തിരുനാൾ ആഘോഷിക്കുന്നത്. തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിലെ ക്രൈസ്തവസമൂഹങ്ങളുടെ പിൻതുടർച്ചക്കാർ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്നു. ഇവർ പ്രധാനമായും സീറോ മലബാർ, സീറോ മലങ്കര, മലങ്കര ഓർത്തഡോക്സ്, യാക്കോബായ ഓർത്തഡോക്സ്, മാർത്തോമ്മാ എന്നീ സഭകളിലാണുള്ളത്. ഈ സഭകളുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമായി ക്രൈസ്തവവിശ്വാസം സ്വീകരിച്ച് ഇവയുടെ വിശ്വാസപാരമ്പര്യം പുലർത്തുന്നവരെയും മാർത്തോമ്മാ ക്രിസ്ത്യാനികളായി കരുതേണ്ടിയിരിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും, വി. ഫ്രാൻസീസ് സേവ്യർ മുതലുള്ള വിദേശിയരും തദ്ദേശീയരുമായ അനേകം മിഷനറിമാരുടെ സുവിശേഷവേലയുടെ ഫലമായി രൂപംകൊണ്ട ലത്തീൻ കത്തോലിക്കാവിശ്വാസികളുടെയും, പ്രൊട്ടസ്റ്റന്റ് സഭകളിലെ വിശ്വാസികളുടെയും സമുച്ചയമാണ് ഇന്ന് ഭാരതത്തിലെ ക്രൈസ്തവസമൂഹം. വിശ്വാസ പാരമ്പര്യങ്ങളുടെ വൈവിധ്യം ഭാരതത്തിലെ ക്രൈസ്തവസമൂഹത്തിന്റെ പ്രത്യേകതയാണ്. ഈ സഭാപരമായ വൈവിധ്യത്തിന്റെയും ഭാരതത്തിന്റെ തന്നെ മത, ഭാഷാ, ജാതി,





സംസ്കാര വൈവിധ്യങ്ങളുടെയും നടുവിൽ വേണം നാമിന്നു ക്രിസ്തുവിനെപ്രഘോഷിക്കുവാനും അവിടുത്തേയ്ക്കു സാക്ഷ്യം വഹിക്കുവാനും.

'ഞാനാകുന്നു വഴിയും സത്യവും ജീവനു'മെന്നു പഠിപ്പിക്കുകയും ആ വഴിയിലേക്കും സത്യത്തിലേക്കും ജീവനിലേക്കും മനുഷ്യവംശത്തെ ആനയിക്കുകയും ചെയ്തവനാണു ക്രിസ്തു. അവനിൽ വിശ്വസിച്ചവർ ക്രിസ്തു മർഗ്ഗമെന്ന് അതിനെവിശേഷിപ്പിച്ചു. തോമ്മാശ്ലീഹാ ഈ മാർഗ്ഗത്തെ ഇന്ത്യയിൽ എത്തിച്ചപ്പോൾ അതു സ്വീകരിച്ച നമ്മുടെ പൂർവ്വികർ അതിനെതോമ്മാമാർഗ്ഗമെന്നും വിളിച്ചു. തോമ്മാമാർഗ്ഗം ഇന്നു വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളോടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭാസമൂഹങ്ങളുടെ ജീവിതശൈലിയായി മാറിയിരിക്കുന്നു.

കുടുംബങ്ങളും കുടുംബങ്ങളുടെ കൂട്ടായ്മകളുമായിട്ടാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ വളർന്നു പന്തലിച്ചത്. ഈ സമൂഹത്തിൽനിന്നു പ്രസിദ്ധീകരിക്കപ്പെടുന്ന നിരവധി കുടുംബചരിത്ര ഗ്രന്ഥങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. തിരുസ്സഭ കുടുംബത്തെ ചിന്താവിഷയമായി തിരഞ്ഞെടുത്തിരിക്കുന്ന കാലമാണിത്. വി. ജോൺ പോൾ രണ്ടാമൻ, പാപ്പാ സ്ഥാനം ഏറ്റെടുത്തശേഷം ആദ്യം ചെയ്ത പ്രധാനപ്പെട്ട ജോലി കുടുംബത്തെക്കുറിച്ച് ഒരു സിനഡ് വിളിച്ചുകൂട്ടി എന്നതാണ്. പ്രസ്തുത സിനഡിന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി 'കുടുംബം സ്നേഹസമൂഹം' എന്ന പേരിൽ പരി. പിതാവ് ഒരു അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. അതിലെ മാർഗ്ഗദർശനങ്ങൾക്കനുസൃതം ഇന്ത്യയിലെ കുടുംബപ്രേഷിതത്വപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കി വരികയാണ്. ഇന്ത്യയിൽത്തന്നെ കേരളത്തിലെ സഭയിലാണ് കുടുംബപ്രേഷിതത്വം ഏറ്റവും സജീവം. പിന്നീട് ബനഡിക്ട് 16-ാമൻ മാർപ്പാപ്പയുടെ കാലത്ത് നവസുവിശേഷവർക്കരണത്തിന്റെ ആഹ്വാനമുണ്ടായി. കുടുംബവും നവസുവിശേഷവൽക്കരണവും സംയോജിപ്പിച്ചുകൊണ്ടാണ് ഫ്രാൻസീസ് പാപ്പാ അടുത്ത സിനഡുകളുടെ വിഷയം പ്രഖ്യാപിച്ചിരിക്കുന്നത്. കൃത്യമായിപ്പറഞ്ഞാൽ നവസുവിശേഷവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികൾ എന്നതാണ് വിഷയം. 2014 ഒക്ടോബറിലും 2015 ഒക്ടോബറിലും നടക്കുന്ന രണ്ടു സിനഡുകളിലുമായി ചർച്ചകളും പുനർവിചിന്തങ്ങളും നടത്തി അവയിൽനി

Palakkad Rupatha Bulletin JULY - 2014

ന്നുരുത്തിരിയുന്ന നിഗമനങ്ങളായിരിക്കും കുടുംബനവീകരണത്തിനായി പരി. പിതാവ് മുന്നോട്ടുവയ്ക്കുന്നത്. ഈ സിനഡുകളുടെ വിജയത്തിനായി നാം പ്രാർത്ഥിക്കണം. മാത്രമല്ല, നമ്മുടെ രൂപതകളിലും പ്രവാസിസമൂഹങ്ങളിലും സഭയിലൊന്നാകെയും കുടുംബജീവിതത്തെ പുരസ്കരിച്ച് പ്രത്യേക പഠനങ്ങളും നവീകരണ പരിപാടികളും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ഈ യജ്ഞത്തിൽ കുടുംബപ്രേഷിതത്വത്തിന്റെയും വിശ്വാസപരിശീലനത്തിന്റെയും ശുശ്രൂഷകർ സംയുക്തമായി പ്രവർത്തിച്ചാൽ നന്നായിരിക്കും. ഒരു രൂപതയിലെ എല്ലാ പ്രവർത്തനമേഖലകളും ഒന്നിച്ചാലോചിച്ച് പരസ്പരസഹകരണത്തോടെ കുടുംബനവീകരണത്തിൽ ഏർപ്പെട്ടാൽ കൂടുതൽ ഫലപ്രദമായിരിക്കും. അടുത്തയിടെ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച അല്മായസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഡയറക്ടർമാരുടെ സമ്മേളനത്തിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ആവശ്യം വ്യക്തമാക്കുകയുണ്ടായി. സീറോ മലബാർ സഭയിലെ അല്മായസമൂഹത്തെ മുഴുവൻ ഉൾക്കൊള്ളിക്കുവാനുള്ള ഉദ്ദേശ്യത്താൽ രൂപീകൃതമായ അല്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നത് ഇതിനുസഹായകമാകും. 'അല്മായർക്കും കുടുംബത്തിനും വേണ്ടിയുള്ള കമ്മീഷ'ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ സിനഡിന്റെ അംഗികാരത്തോടെ അല്മായർക്കായി ഭാവിപ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്.

വിശ്വാസപരിശീലനം നമ്മുടെ സഭയിൽ വളരെയേറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. വിശ്വാസ പരിശീലനത്തിന്റെ ഫലദായകത്വത്തെ ആശ്രയിച്ചിരിക്കും ക്രൈസ്തവസാക്ഷ്യത്തിന്റെ വിജയം. വിശ്വാസപരിശീലനവും, അൾത്താരസംഘം, മിഷൻലീഗ്, സി.എൽ.സി മുതലായവയുടെ കർമ്മപരിപാടികളും വഴിയാണ് നമ്മുടെ സഭയിൽ ദൈവവിളി പരിപോഷിപ്പിക്കപ്പെട്ടുപോരുന്നത്. ഈ രംഗങ്ങളിലെല്ലാം തീക്ഷ്ണതയോടെ പ്രവർത്തനനിരതരായിരിക്കുന്ന ബഹു. വൈദികർക്കും, സമർപ്പിത സഹോദരീസഹോദരന്മാർക്കും, വിശ്വാസപരിശീലകർക്കും, അല്മായ പ്രേഷിതർക്കും എന്റെ നന്ദി നിറഞ്ഞ അഭിവാദനങ്ങൾ!

സഭയുടെ സുവിശേഷസാക്ഷ്യത്തിനു കടകവിരുദ്ധവും ഇന്നു സമൂഹത്തിൽ നിർബാധം വ്യാപിച്ചുകൊണ്ടിരിക്കുന്നതുമായ മദ്യപാനം, കൊലപാതകം, ലഹരിവസ്തുവ്യാപാരം, ആസൂത്രിതമായ അക്രമങ്ങൾ, അന്യായ പലിശ വഴിയുള്ള സാധുജനചൂഷണം, കരാർ ലംഘനങ്ങൾ, ആഡംബരച്ചെലവുകൾ മുതലായ തിന്മകളിൽ നിന്ന് സഭാമക്കൾ പൂർണ്ണമായും അകന്നു നില്ക്കേണ്ടതാണ്. വളരുന്ന തലമുറയിൽ വ്യാപിച്ചുവരുന്ന ഇന്റർനെറ്റ് അഡിക്ഷൻ എപ്രകാരം ക്രിയാത്മകമായി നിയന്ത്രിക്കാമെന്ന് മാതാപിതാക്കൾ, അധ്യാപകർ, വൈദികർ എന്നിവർ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സൈബർ ലോകത്തിന്റെ സാധ്യതകളെക്കുറിച്ചും അതിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളിൽപ്പെടാതെ കുട്ടികളെയും യുവാക്കളെയും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും സെമിനാറുകളും സ്റ്റഡിക്ലാസ്സുകളും നടത്താൻ വിശ്വാസപരിശീലനത്തിന്റെയും കുടുംബപ്രേഷിതത്വത്തിന്റെയും ശുശ്രൂഷകർ ഒന്നിച്ചു സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികളിൽ കണ്ടുവരുന്ന അതിസാഹസികത്വ പ്രവണതകൾ വാഹനാപകടങ്ങൾക്കും ഉല്ലാസയാത്രാവേളകളിലെ മുങ്ങിമരണങ്ങൾക്കും കാരണമാകുന്നുണ്ട്. കൂടുതൽ ജാഗ്രത ഉത്തരവാദിത്വപ്പെട്ടവരിൽനിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.

നാല്പതുലക്ഷത്തോളംവരുന്ന സീറോമലബാർ സഭാമക്കളിൽ ഏഴുലക്ഷംപേർ ഇന്ത്യയിലെ 29 രൂപതകൾക്കും അമേരിക്കയിലും ആസ്ത്രേലിയായിലുമായുള്ള രണ്ടു രൂപതകൾക്കും പുറത്ത് പ്രാവാസികളായി കഴിയുന്നവരാണ്. ഇവർക്ക് നമ്മുടെ സഭയുടേതായ അജപാലനസംവിധാനങ്ങൾ ഫലപ്രദമായ രീതിയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിനും സഭാമക്കളേവരും പ്രാർത്ഥിക്കേണ്ടതാണ്.

ഭാരതത്തിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തി പുതിയൊരു ക്രേന്ദ്രസർക്കാർ ഭരണമേറ്റിരിക്കുകയാണല്ലോ. കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും മാറിമാറി വരുന്ന സർക്കാരുകളോടു സഹകരിച്ചു പ്രവർത്തിക്കാൻ സഭാമക്കളേവരും തയ്യാറാകേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ വികസനപദ്ധതികൾ ദരിദ്രർക്കും സാധാരണക്കാർക്കും കൂടി ഉപകരിക്കുന്നതാകണം. തൊഴിലാളികൾക്കും, കർഷകർക്കും, വ്യാപാരികൾക്കും, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മറ്റേതുതുറകളിൽ വ്യാപരിക്കുന്നവർക്കും വികസനം സാധ്യമാക്കാൻ പുതിയ സർക്കാർ ശ്രദ്ധചെലുത്തുമെന്നു പ്രതീക്ഷിക്കാം. പരിസ്ഥിതിസംരക്ഷണത്തോടൊപ്പം മലയോരകർഷകരുടേയും തീരദേശനിവാസികളുടേയും ആശങ്കകൾ പരിഹരിക്കുന്നതിലും സർക്കാ

രിന്റെ സത്വരശ്രദ്ധ പതിയേണ്ടതുണ്ട്. അതോടൊപ്പം മതേതരത്വം, ജനാധിപത്യം, സർവ്വസമത്വം, ന്യൂനപക്ഷ സംരക്ഷണം എന്നീ മൗലികമൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഈ മൂല്യങ്ങളെല്ലാം സംരക്ഷിക്കപ്പെടേണ്ടത് ജാതി, മത, ഭാഷാ വൈവിധ്യങ്ങൾ നിറഞ്ഞ ഭാരതത്തിലെ ജനതയുടെ ഐക്യത്തിനും നിലനില്പിനും പുരോഗതിക്കും അത്യന്താപേക്ഷിതമാണ്.

ദുക്റാനത്തിരുനാൾ സീറോമലബാർ സഭാദിനമായി ആഘോഷിക്കണമെന്ന് നമ്മുടെ സഭയുടെ സിനഡ് തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനാഘോഷം കൊണ്ടാടണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

സഭാദിനം ആചരിക്കുമ്പോൾ നമ്മുടെ സഭയ്ക്ക് ഈ അടുത്ത നാളുകളിൽ ദൈവം നല്കിയിരിക്കുന്ന പ്രത്യേക അനുഗ്രഹങ്ങളെ അനുസ്മരിക്കുക തികച്ചും ഉചിതമായിരിക്കും. നമ്മുടെ സഭയിലെ വാഴ്ത്തപ്പെട്ടവരായ ചാവറയച്ചന്റെയും ഏവുപ്രാസിയമ്മയുടെയും വിശുദ്ധപദ പ്രഖ്യാപനത്തിനുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായി. ആസ്ത്രേലിയയിലെ മെൽബൺ കേന്ദ്രമായി നമുക്കു പുതിയ രൂപത ലഭിച്ചു. ഇന്ത്യയിലെ സീറോമലബാർ പ്രവാസികളുടെ അജപാലനപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നതിനായി അപ്പസ്തോലിക് വിസിറ്ററെ ലഭിച്ചു. ദൈവം നമുക്കുനല്കിയ ഈ അനുഗ്രഹങ്ങളെയെല്ലാം ഓർത്തു ദൈവത്തിനു നന്ദിപറയാം. ഈ ഇടയലേഖനം ശ്രവിക്കുന്നവർക്കും സഭാമക്കൾ ഏവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,



**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

(for recordical purpose)





# രണ്ടാം വത്തിക്കാൻ കൗൺസിലും കേരളസഭയും
## കെസിബിസി നിർദ്ദേശങ്ങൾ

യേശുവിൽ പ്രിയമുള്ളവരേ,

രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തതിന്റെ സുവർണജൂബിലിയുടെ പശ്ചാത്തലത്തിലാണല്ലോ 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ വിശ്വാസവർഷമായി നാം ആചരിച്ചത്. കേരള കത്തോലിക്കാ സഭയുടെ വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ ദർശനങ്ങൾ എത്രമാത്രം കേരളസഭ ഉൾക്കൊണ്ടു എന്നതിനെക്കുറിച്ചു പഠിക്കാൻ സഭയിൽ ഒരു സർവ്വേ നടത്താൻ 2012 ജൂൺ 5 മുതൽ 7 വരെ പി.ഒ.സി.യിൽ കൂടിയ കെസിബിസി സമ്മേളനം തീരുമാനിക്കുക യുണ്ടായി. ഇതിൻപ്രകാരം കേരളത്തിലെ 30 രൂപതകളിലും തിരഞ്ഞെടുക്കപ്പെട്ടവരുടെ ഇടയിൽ പഠനം നടത്തുകയും പഠനത്തിന്റെ കണ്ടെത്തലുകൾ 2013 ഡിസംബർ 10 മുതൽ 12 വരെ പി.ഒ.സി.യിൽ നടന്ന കെസിബിസി യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. പഠനത്തിന്റെ കണ്ടെത്തലുകളുടെ രത്നച്ചുരുക്കം താഴെചേർത്തിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരളസഭയിൽ കൂടുതലായി പ്രചരിക്കുന്നതിനും കൗൺസിൽ വിഭാവനം ചെയ്ത സഭാനവീകരണം തുടരുന്നതിനും ആവശ്യകമായ ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ഇവ. രൂപതാതലത്തിലും സന്ന്യാസ സമൂഹതലത്തിലും ഇടവകതലത്തിലും സംഘടനാതലത്തിലും ഇവ വായിച്ച് ചർച്ചചെയ്യുകയും സാധിക്കുന്ന തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് 2014 ജൂൺ 3 മുതൽ 5 വരെ പി.ഒ.സി.യിൽ കൂടിയ കെസിബിസി യോഗം തീരുമാനിക്കുകയുണ്ടായി. വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും സഭയുടെ എല്ലാ മേഖലകളിലും ആത്മാർത്ഥമായി നടപ്പാക്കി കേരളസഭയെ നവീകരിക്കാനും വളർത്താനും നമുക്കൊരുമിച്ച് ശ്രമിക്കാം.

കേരള കത്തോലിക്കാമെത്രാൻസമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെസിബിസി

**കൗൺസിലിനെക്കുറിച്ചുള്ള പഠനത്തിന്റെ കണ്ടെത്തൽ**

രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചിട്ട് അമ്പതുവർഷം തികഞ്ഞ ഈയവസരത്തിൽ, കൗൺസിലിന്റെ പ്രധാനലക്ഷ്യം അധുനാതനീകരണം (Aggiornamento) ആയിരുന്നുവെന്നു നാം ഓർക്കുന്നുണ്ടാകുമല്ലോ. സ്വയം നവീകരിക്കാനും കാലാനുസൃതം സ്വയം പ്രസക്തമാക്കാനും വേണ്ടിയുള്ള തിരുസഭയുടെ, പരിശുദ്ധാരൂപിയാൽ നിവേശിതമായ ശ്രമത്തിന്റെ രൂപരേഖകളായിരുന്നു കൗൺസിലിന്റെ പ്രമാണരേഖകൾ. ഇവയെല്ലാം സഭയെ ഇന്നത്തെ മനുഷ്യസമൂഹവുമായി ഫലപ്രദമായംവിധം ബന്ധിപ്പിക്കുന്നതിനു വേണ്ട പ്രധാനപ്പെട്ട പ്രബോധനങ്ങളും നിർദ്ദേശങ്ങളും നല്കുന്നവയാണ്. ഇവവഴി മനുഷ്യസമൂഹത്തിന്റെ മുമ്പിലേക്കു സഭ സ്വന്തം വാതിലുകൾ തുറക്കുകയും സഭയും ലോകവും തമ്മിൽ ഫലപ്രദവും രക്ഷാകരവുമായ ബന്ധം വളർത്തുന്നതിന് എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു. അതിനുശേഷം, പല അവസരങ്ങളിൽ ആഗോളസഭ മേല്പറഞ്ഞ ബന്ധങ്ങളെയും അവയുടെ ഗുണദോഷങ്ങളെയും വിലയിരുത്തുന്ന ആത്മപരിശോധനകൾ നടത്തിയിട്ടുണ്ട്. പ്രാദേശികതലത്തിലും മേല്പറഞ്ഞതരം പരിശോധനകളും അന്വേഷണങ്ങളും നടത്തുന്ന സമിതികളും യോഗങ്ങളും നടന്നിട്ടുണ്ട്. ഇവയുടെ പിന്തുടർച്ചയെന്നോണം ഒരു പഠനം കഴിഞ്ഞ വർഷം കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. കേരളത്തിലെ മുപ്പതു രൂപതകളിൽനിന്നുള്ള, വൈദികരും സന്ന്യസ്തരും അല്മായരും അടങ്ങുന്ന, മൂവായിരം സഭാംഗങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളാണു പ്രസ്തുത പഠനത്തിനുവേണ്ടി ശേഖരിച്ചത്. വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരളസഭയിൽ എത്രമാത്രം പ്രായോഗികമായിട്ടുണ്ട് എന്നതിനെപ്പറ്റി ഈ പഠനം നമുക്ക് ഉപകാരപ്രദമായ പല ഉൾക്കാഴ്ചകളും നല്കുന്നുണ്ട്. അവയിൽ ഏറ്റ വും പ്രധാനപ്പെട്ടവ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

ക്രൈസ്തവ വെളിപാടിനെക്കുറിച്ചും അതിൽ വിശുദ്ധഗ്രന്ഥത്തിനും പാരമ്പര്യത്തിനും ഉള്ള സ്ഥാനത്തെക്കുറിച്ചും മുമ്പത്തെക്കാളേറെ നമ്മുടെ വിശ്വാസികൾ അവബോധമുള്ളവരാണ്. അതു വളരെ സന്തോഷകരമായ കാര്യമാണ്. അതുപോലെതന്നെ, തിരുസ്സഭയെന്നത് അധികാരികൾ മാത്രമല്ല, മെത്രാന്മാരും, വൈദികരും, അല്മായരും ഉൾപ്പെടുന്ന ദൈവജനമാണെന്ന സമഗ്രവീക്ഷണം കേരളസഭയിൽ വ്യാപകമായിത്തീർന്നിട്ടുണ്ട്. നാമെല്ലാവരും ഒരേ വിശുദ്ധിയിലേക്കാണു വിളിക്കപ്പെട്ടിരിക്കുന്നതെന്നും ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനുള്ള സേവനത്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണു സഭാശുശ്രൂഷകരെന്നും കൂടുതൽ കൂടുതൽ പേർ മനസ്സിലാക്കിവരുന്നു. ആദ്ധ്യാത്മികതയിൽ ആരാധനക്രമത്തിനുള്ള പ്രഥമസ്ഥാനത്തെക്കുറിച്ചും





നാം ബോധവാന്മാരാണെന്നത് ചാരിതാർത്ഥ്യജനകമാണ്. യുവതലമുറയുടെ വിശ്വാസരൂപവത്ക്കരണത്തിൽ മാതാപിതാക്കൾക്കുള്ള പ്രഥമ ഉത്തരവാദിത്വത്തെക്കുറിച്ചും, സഭാനേതൃത്വത്തിലുള്ളവർ പ്രബോധനങ്ങൾവഴിയെന്നതിനെക്കാൾ മാതൃകവഴി നല്കേണ്ട രൂപവത്കരണത്തെക്കുറിച്ചും സഭാംഗങ്ങൾ തികച്ചും അവബോധമുള്ളവരാണ്. കഴിഞ്ഞ അമ്പതു വർഷംകൊണ്ട് പല ക്രൈസ്തവവിഷയങ്ങളിലും കേരളസഭയിലുണ്ടായിട്ടുള്ള അറിവിന്റെ വളർച്ച ശ്ലാഘനീയമാണ്.

എങ്കിലും, കൗൺസിലിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും കേരളസഭയിൽ മുഴുവനായി പ്രായോഗികമാകാൻ നാമെല്ലാവരും ഒരുമിച്ച് ഇനിയും കൂടുതലായി ശ്രമിക്കേണ്ടിയിരിക്കുന്നുവെന്നും മേല്പറഞ്ഞ സർവേ സൂചിപ്പിക്കുന്നു. അപ്രകാരം, രൂപതകളുടെയും ഇടവകകളുടെയും തലങ്ങളിൽ നടപ്പാക്കേണ്ട ചില കാര്യങ്ങൾ രൂപതാധികാരികളുടെയും വികാരിമാരുടെയും ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നു.

**പ്രായോഗിക നിർദ്ദേശങ്ങൾ**

1. ലിറ്റർജി, ദൈവാവിഷ്കരണം മുതലായ കൗൺസിലിന്റെ സുപ്രധാന പ്രബോധനങ്ങളെക്കുറിച്ചുള്ള അറിവ് ജനങ്ങളുടെയിടയിൽ ഇനിയും കൂടുതലായി വ്യാപകമാകേണ്ടതുകൊണ്ട്, യുവാക്കൾ, മുതിർന്നവർ എന്നിവർക്കായി ഇടവകകളിൽ സെമിനാറുകൾ സംഘടിപ്പിച്ച്, തുടർമതബോധനം നല്കണം.
2. ലിറ്റർജി, പ്രത്യേകിച്ച് കൂദാശകളുടെ പരികർമ്മം, ഞായറാഴ്ചകളിലെ ദിവ്യബലിയർപ്പണം എന്നിവ കൂടുതൽ സജീവവും ജനങ്ങളുടെ അനുദിനജീവിതത്തിന്പറ്റും വിധം ആത്മീയശക്തി പകരുന്നതുമാക്കാൻ വേണ്ടതെല്ലാം വൈദികർ ചെയ്യേണ്ടതാണ്. ഇതിനുവേണ്ടി ഇടവകകളിൽ ലിറ്റർജിക്കൽ കമ്മിറ്റി ഉണ്ടാകുന്നതും, ഗാനാലാപം, വിശുദ്ധ ഗ്രന്ഥ വായനകൾ, കർമ്മങ്ങളെ സജീവമാക്കാൻ ആവശ്യമായ മറ്റ് ഒരുക്കങ്ങൾ എന്നിവ വൈദികന്റെ നിർദ്ദേശമനുസരിച്ച് ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചെയ്യുന്നതും നല്ലതാണ്.
3. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ പ്രഭവസ്ഥാനവും അതിന്റെ പ്രഥമ പോഷകവും ലിറ്റർജിയാണെന്നു കൗൺസിൽ പഠിപ്പിക്കുന്നു. മറ്റു പൊതുജനഭക്തികൾ ലിറ്റർജിയോടു ബന്ധപ്പെട്ടും അതിലേക്കു നയിക്കുന്ന വിധത്തിലുമായിരിക്കണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. നമ്മുടെ ജനങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിൽ ഇക്കാര്യത്തിൽ പല അസന്തുലിതരീതികളും നിലനില്ക്കുന്നതായി അവർതന്നെ മേല്പറഞ്ഞ

സർവേയിലൂടെ ചൂണ്ടിക്കാട്ടുന്നു. ഈ സാഹചര്യത്തിൽ, ഇവയെ നേർവഴിയിലാക്കാൻ ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ ഓരോ രൂപതയും നല്കുകയും, ഇടവകകളിൽ അവ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

4. നാമെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണെന്നും, ശിരസ്സായ ക്രിസ്തുവിൽ ഒന്നായിരിക്കുന്ന നമ്മുടെ ഐക്യം പ്രവൃത്തികളിൽകൂടി പ്രകടമാകണമെന്നും ഉള്ള പ്രബോധനമനുസരിച്ച്, നമ്മുടെ ഇടവകകളിൽ പരസ്പരം അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുവാൻ ഒരു ഫണ്ട് രൂപീകരിക്കുന്നതു നല്ലതാണ്. ഇടവകയിലെ പൊതുപിരിവിൽനിന്ന് ഒരു നിശ്ചിത ശതമാനം മാറ്റി വയ്ക്കുന്നതിനു പുറമെ, ഈ ഫണ്ടിനുവേണ്ടി പ്രത്യേക പിരിവ് രൂപതയുടെ അനുവാദത്തോടുകൂടി നടത്താവുന്നതാണ്. അതുപോലെ, രക്തദാനം, ജീവിച്ചിരിക്കുമ്പോഴും മരണശേഷവുമുള്ള അവയവദാനം മുതലായവയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

5. സ്ത്രീകൾക്കു സഭയിലും പൊതുസമൂഹത്തിലും തുല്യമായ സ്ഥാനവും പ്രവർത്തനങ്ങളിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻവേണ്ടി, രൂപതകളിലും ഇടവകകളിലും കമ്മിറ്റിയംഗങ്ങൾ, ഭാരവാഹികൾ, ഓഫീസ് ജോലിക്കാർ മുതലായവരിൽ മൂന്നിലൊന്നെങ്കിലും യോഗ്യതയുള്ള സ്ത്രീകളെ നിയമിക്കേണ്ടതാണ്.

6. സുവിശേഷവത്കരണത്തിനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനും തടസ്സമാകുന്ന വിധത്തിൽ നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും സുവിശേഷമൂല്യങ്ങൾക്കു യോജിക്കാത്ത പ്രവർത്തനരീതികൾ ഉണ്ടാകാതിരിക്കാൻ നാമെല്ലാവരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, സുവിശേഷമൂല്യങ്ങൾക്കെതിരായ അനീതി, അക്രമം എന്നിവ നമ്മുടെ കുടുംബങ്ങളിലെയും സ്ഥാപനങ്ങളിലെയും മനുഷ്യബന്ധങ്ങളിലും, ഫീസ് സമാഹരണം, ശമ്പള വിതരണം മുതലായ സാമ്പത്തിക സംവിധാനങ്ങളിലും ഒരിക്കലും കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കണം. സാമൂഹത്തിൽ ഏതെങ്കിലും തരത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നവരോടു പ്രത്യേക പരിഗണനയും അനുകമ്പയും കാണിക്കുന്നതിലൂടെയും നാം സുവിശേഷമൂല്യങ്ങൾക്കു സവിശേഷസാക്ഷ്യം വഹിക്കണം.

7. ക്രിസ്തുവിനും സുവിശേഷമൂല്യങ്ങൾക്കും സാക്ഷ്യം വഹിക്കാൻ എല്ലാ ക്രൈസ്തവർക്കും കടമയുണ്ട്. ക്രൈസ്തവ മൂല്യങ്ങൾ അല്മായർ തങ്ങളുടെ വ്യക്തിപരവും കുടുംബപരവുമായ ജീവിതത്തിൽ മാത്രമ





ല്ല, പൊതുസമൂഹജീവിതത്തിലും പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട്, സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം, പൊതുപ്രവർത്തനം, ഭരണതലം എന്നീ തലങ്ങളിൽ പ്രവർത്തിക്കുമ്പോഴും അവർ സുവിശേഷമൂല്യങ്ങൾ മുറുകെപ്പിടിക്കണം. അത് ശക്തമായ ക്രൈസ്തവസാക്ഷ്യമായിരിക്കും. മറിച്ചുള്ള ഏതു പ്രവർത്തനവും ക്രൈസ്തവ ഉത്തരവാദിത്വത്തിന്റെ ലംഘനവുമായിരിക്കും.

8. കത്തോലിക്കാ സമൂഹങ്ങളിൽ നിന്ന് വിശ്വാസികൾ സെക്റ്റുകളിലേക്കു മാറിപ്പോകുന്ന വേദനാജനകമായ സ്ഥിതിവിശേഷം ഉണ്ട്. അവരെ കത്തോലിക്കാ വിശ്വാസത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നതിന് എല്ലാവർക്കും, പ്രത്യേകിച്ച് അജപാലകർക്ക്, കടമയുണ്ട്. അതുകൊണ്ട്, മെത്രാന്മാരും വൈദികരും അവരോടു കരുണയോടും സ്നേഹത്തോടും കൂടി ബന്ധപ്പെടണം. വൈകാരികമായ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കാനും വിശ്വാസപരമായ സംശയങ്ങൾ തീർത്തുകൊടുക്കാനും ശ്രമിക്കുകയും വേണം.

9. ക്രൈസ്തവ കുടുംബങ്ങളുടെ ഐക്യവും നിലനില്പും ഏറ്റവും ഉദാത്തമായ സുവിശേഷസാക്ഷ്യമാണെന്നു മാത്രമല്ല അതു സഭയുടെതന്നെ നിലനില്പിനും ആവശ്യമാണ്. അതുകൊണ്ട്, കുടുംബച്ഛിദ്രങ്ങളും വിവാഹമോചനങ്ങളും ഗാർഹികപീഡനങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് കുടുംബപ്രേഷിതത്വത്തിനു രൂപതകളും ഇടവകകളും പ്രത്യേക പ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. കുടുംബങ്ങൾക്കുവേണ്ടിയുള്ള അജപാലകശുശ്രൂഷയിലേക്ക് കൂടുതൽ വൈദികരും സന്ന്യസ്തരും അല്മായരും ഇറങ്ങേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ ശുശ്രൂഷ ചെയ്യാൻ കഴിവുള്ളവർക്ക് പരിശീലനം നൽകാനും പ്രവർത്തനസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കാനും രൂപതാതലത്തിൽ ശ്രമിക്കണം.

10. മതങ്ങളുടെ പേരിൽ ജനങ്ങൾ അകലുന്നതിനു പകരം പരസ്പര ധാരണയോടുകൂടി അടുക്കുന്നതിനും യോജിച്ചു പ്രവർത്തിക്കുന്നതിനും, ഇന്നത്തെ സമൂഹത്തിൽ നാം മുൻകൈ എടുക്കേണ്ടതാണ്. അതുകൊണ്ട്, വിവിധ മതസ്ഥർ തമ്മിലുള്ള ഡയലോഗ് പ്രോത്സാഹിപ്പിക്കാനും, വിവിധ ക്രൈസ്തവ സഭകൾ തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്താനും സഹായിക്കുന്ന വിധത്തിൽ ഉചിതമായ സാഹചര്യങ്ങളിലും ദിനങ്ങളിലും ഒരുമിച്ചുള്ള പ്രാർത്ഥന, സേവനയജ്ഞങ്ങൾ, ആശയ സംവാദങ്ങൾ മുതലായവ നടത്തുന്നതിന് പ്രാദേശികതലത്തിലും ഇടവകതലത്തിലും നാം നേതൃത്വം കൊടുക്കണം.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025/03.03.2014/Ref: 2788/K 35/OL/KCBC/DS

*Here below is reproduced the final reply of the Congregation for the Oriental Churches to the request for recourse against its earlier decision in regard to the Infant Jesus Monastery, Thalore.*

Ed.

CONGREGATIO
PRO ECCLESIIS ORIENTALIBUS

Congr. Chiese Orientali
Allegato N° 1
al Foglio Prot. N° 102/2012
8 March 2014

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

Prot. N. 102/2012

Dear and Reverend Father Achandy,

This Dicastery has received your letter of 5 February 2014, by which you sought recourse against the order of H.E. Msgr. Andrews Thazhath, Archbishop of Trichur, regarding pastoral and spiritual services in the Infant Jesus Monastery, Thalore (cfr. Lefter of Archbishop Thazhath to Rev.Jose Panthaplamthotiyil, CMI, Prior General, Prot. No, 3102/2013/S/ABP, dated 1 October 2013). I am enclosing a letter of this Congregation to the Prior General of the Carmelites of Mary

Immaculate, dated 28 January 2014, by which the decision of the Archbishop was afirmed: "It is the expectation of this Congregation that the guidelines will provide a definitive resolution of the matter" (all. 1). While you assert that the monastery has, "complied with those directives", it is to be noted that the present prayer of the of the monastery, Fr. Thomas Chakkalamattath, CMI, refers in his letter of 31 January 2014 to holding two Masses on Sundays "as per your (Fr. Achandy's) directive", while the Archbishop's guidelines foresee "one Holy Mass daily including Sundays and days of obligation in the monastery church for the public", (p. 4). If the discrepancy does not occur with the pemission of the eparchial authorities, please see that it is corrected.

The recourse entered, however, is not against the resiriction of former parish activities but against the limitation of other public pastoral ministry. You claim a right to "render spiritual services to the people, not only from Thalore but also from other places".





The point of reference for responding to this clain is CCEO can. 437/1, which has been interpreted by the pontifical Council for Legislative Texts in this very context as defining a right to a church "for the celebration of the sacred ministries for the members of the monastery. This canon does not entitle the public celebration of divine worship for the faithful round the monastery, which already belong to a parish" (cfr. cited in the letter of H.B. Card. Varkey Vithayathii of 4 February 2011- all.2).

Moreover, it should be noted that Archbishop Thazhath has not sought to "deprive (the monastery) of all spiritual services for the people". His directives, which explicitly allow for the offering of the Sacrament of Penance (p. 5), are concerned with *public* celebrations, not with the elimination of all spiritual services. Even in the realm of public celebrations, the observance of some feasts is foreseen (p. 4) and the possibilities of aranging with the parish priest for "various liturgical and pastoral activities/celebrations, including public celebration of worship" (p. 4).

Therefore, Reverend Father, your recourse against the Archbishop's order of 1 October 2013 is rejected for the reasons adduced. Surely, the best path for promoting the spidtual good of all begins with a careful-observance of the guidelines. In time, this will lead to a climate of mutual trust with the eparchial authority and also to a more harmonious cooperation.

Wishing you, Reverend Father, God's blessings upon your priestly service, I remain

Sincerely yours in Christ,

**Leonardo Card. Sandri**
Prefect

Rev. Fr. Paul ACHANDY, C.M.I.
Provincial C.M.I
Devamatha Provincial House
PATTURAIKKAL, THRISSUR 680 022
Kerala, India

Cc: H.E. Msgr. Andrews Thazath Archbishop of Trichur
Rev. Jose Panthaplamthottiyil, CMI, Superior General



# 2014 BISHOP'S Engagements

**2014 JULY**

| | | |
|---|---|---|
| 1 | | Meeting, Bishop's House |
| 3 | | St. Thomas Church, Koduvayur |
| 4-14 | | Abroad |
| 17 | | Mount St. Thomas, Kakkanad |
| 19 | | C.R.I. Meeting, Mercy College |
| 20 | | Holy Trinity Church, Thrithwamala |
| 24 | | Monthly Recollection |
| 26 | 10 AM | St. Xavier's Church Blessing, Mangalam Dam |
| 27 | | Koovapadam, Ernakulam |
| 29 | | Catechism Director's Meeting, Mount St. Thomas |

**2014 August**

| | | |
|---|---|---|
| 2 | | St. Vincent De Paul Society Meeting, Pastoral Centre |
| 4 | | KCBC Meeting |
| 4-8 | | KCBC Bishops' Retreat |
| 9 | AM | Kaikars Meeting, Pastoral Centre |
| | PM | Good Shepherd Church, Kanjikode |
| 11 | AM | JIM Offset Press |
| 12 | | Kanjirapuzha |
| 13 | 4 PM | Presbyteral Council Meeting, Yuvakshetra |
| 13 | 6.30PM | Trimonthly, Yuvakshetra |
| 14 | | Trimonthly, Yuvakshetra |
| 17 | | Dhoni |
| 18-30 | | Synod, Mount St. Thomas, Kakkanad |







# From the Bishop's Office

**സീറോ - മലബാർ സഭാദിനം**

ദുക്റാന തിരുനാളായ ജൂലൈ 3-ാം തിയ്യതി സീറോമലബാർ സഭാദിനമായി നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായി ആചരിക്കേണ്ടതാണ്. അന്ന് ഇടവകകളിൽ സഭാകാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേക പിരിവെടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏല്പ്പിക്കേണ്ടതാണ്.

**യുവജനദിനം**

ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച യുവജനദിനമായി ആഘോഷിക്കേണ്ടതാണ്. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കായി അന്നേദിവസം നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അന്ന് പ്രത്യേകം സ്തോത്രകാഴ്ചയെടുത്ത് രൂപതാ ഡയറക്ടറെ ഏല്പ്പിക്കേണ്ടതാണ്.

**വൈദികരുടെ മാസധ്യാനം**

ബഹു. വൈദികരുടെ ജൂലൈയിലെ മാസധ്യാനം 25 ന് പകരം 24-ാം തിയതി വ്യാഴാഴ്ചയാണ് നടത്തപ്പെടുന്നത്. ധ്യാനസന്ദേശം നൽകുന്നത് സുൽത്താൻപേട്ട് രൂപതയുടെ മെത്രാൻ അന്തോണി സാമി പീറ്റർ അബീർ പിതാവാണ്. ധ്യാനത്തിനുശേഷം വൈദിക കൂട്ടായ്മ അദ്ദേഹത്തിന് സ്വീകരണവും നല്കുന്നുണ്ട്. എല്ലാ വൈദീകരും പ്രസ്തുത പരിപാടിയിൽ സംബന്ധിക്കണം.

**പ്രസ്ബിറ്ററൽ കൗൺസിലും, ത്രൈമാസ സമ്മേളനവും**

ആഗസ്റ്റ് 13-ന് ബുധനാഴ്ച ഉച്ചതിരിഞ്ഞ് 4-മണിക്ക് പ്രിസ്ബിറ്ററൽ കൗൺസിലും 6.30-ന് ത്രൈമാസവും യൂവക്ഷേത്രയിൽ ക്രമീകരിച്ചിരിക്കുന്നു. എല്ലാ വൈദീകരും അതിൽ സംബന്ധിക്കേണ്ടതാണ്.

**വാർഷികധ്യാനം**

ബഹു. വൈദികരുടെ വാർഷികധ്യാനം യുവക്ഷേത്രയിൽവെച്ച് സെപ്റ്റംബർ 8-13 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് തിരുവനന്തപുരം മലങ്കര അതിരൂപതാ സഹായമെത്രാൻ സാമുവൽ മാർ ഇരണേയോസ് പിതാവായിരിക്കും.

**കാർഷിക വരുമാനം**

2011 ജൂൺ 11 ന് സമ്മേളിച്ച രൂപതാ ആലോചന സമിതിയിൽ കാർഷിക അറ്റാദയത്തിന്റെപത്ത്ശതമാനം തെരട്ടായി നല്കണമെന്ന് തീരുമാനിച്ചിരുന്നല്ലോ. പ്രസ്തുത തീരുമാനം 2012 മെയ് 8 ന് നടന്ന ത്രൈമാസ സമ്മേളനത്തിൽ ബഹു. അച്ചന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയ ശേഷം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ് ഇക്കാര്യം അറിയാത്ത ബഹു വികാരിയച്ചന്മാർ ഇത് ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**എപ്പാർക്കിയൽ അസംബ്ലി പഠനരേഖ ചർച്ചകൾ**

എപ്പാർക്കിയൽ അസംബ്ലി നവംബർ 10 മുതൽ 14 വരെ തിയ്യതികളിൽ യുവക്ഷേത്രയിൽ വെച്ച് നടത്തുന്നതാണ്. അസംബ്ലിക്കുള്ള പഠനരേഖകൾ എല്ലാ ഇടവകകളിലും സജീവമായി ചർച്ച ചെയ്യണം. യൂണിറ്റു ചർച്ചകൾക്കുശേഷം ആദ്യത്തെ 4 വിഷയങ്ങൾ വികാരിയുടെ അദ്ധ്യക്ഷതയിൽ കുടുംബയൂണിറ്റു ഭാരവാഹികൾ എല്ലാവരും ഒരുമിച്ചുകൂടി യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ വായിച്ച് ഇടവകയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കി ഓരോ ഫൊറോനയിലെയും ഫൊറോന പ്രതിനിധിയായ വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

**ഫൊറോന പ്രതിനിധികളായ വൈദികർ താഴെ പറയുന്നവരാണ്:**

| | |
|---|---|
| പാലക്കാട് ഫൊറോന | - ഫാ. മാർട്ടിൻ തട്ടിൽ |
| വടക്കൻഞ്ചേരി ഫൊറോന | - ഫാ. അബ്രാഹം പാലത്തിങ്കൽ |
| മേലാർക്കോട് ഫൊറോന | - ഫാ. സുമേഷ് നാല്പതാംകളം |
| മംഗലഡാം ഫൊറോന | - ഫാ. ജോൺ ആളൂർ |
| തത്തമംഗലം ഫൊറോന | - ഫാ. ജെയ്സൺ വടക്കൻ |
| ഒറ്റപ്പാലം ഫൊറോന | - ഫാ. നിലേഷ് തുരുത്തുവേലിൽ |
| ഒലവക്കോട് ഫൊറോന | - ഫാ. ആന്റോ കീറ്റിക്കൽ |
| പൊന്നംകോട് ഫൊറോന | - ഫാ. തോമസ് വടക്കുഞ്ചേരി |
| കാഞ്ഞിരപ്പുഴ ഫൊറോന | - ഫാ. ജോർജ്ജ് പെരുമ്പിള്ളി |
| മണ്ണാർക്കാട് ഫൊറോന | - ഫാ. ടെൻസൻ താനിക്കൽ |
| താവളം ഫൊറോന | - ഫാ. ബിജു പ്ലാത്തോട്ടം. |





**റൂബി ജൂബിലി അവാർഡ്** (ജൂൺ മാസത്തിലെ ബുളളറ്റിനിൽ കൊടുത്തിരുന്ന നിർദ്ദേശങ്ങളുടെ തുടർച്ച...)

1. പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്നവർ (2011 ഫെബ്രുവരിക്ക് ശേഷമുള്ളവർ)
2. State, CBSE, ICSE സിലബസ്സുകളിൽ SSLC ക്കും പ്ലസ് ടു വിനും മുഴുവൻ എ പ്ലസ് ലഭിച്ച കുട്ടികൾ
3. രൂപതാ റൂബിജൂബിലി വർഷത്തിൽ പൗരോഹിത്യ സ്വീകരണത്തിന്റെയും സന്ന്യാസ ജീവിതത്തിന്റെയും വിവാഹത്തിന്റെയും റൂബിജൂബിലി ആഘോഷിക്കുന്നവർ (2013 സെപ്റ്റംബർ മുതൽ 2014 സെപ്റ്റംബർ)
4. 2011 ഫെബ്രുവരി മുതൽ 2014 സെപ്റ്റംബർ കാലഘട്ടത്തിൽ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർ.
5. 1974 ലോ അതിന് ശേഷമോ വിവാഹിതരായവരിൽ കൂടുതൽ മക്കളുള്ള മാതാപിതാക്കൾ (ആറോ അതിലധികമോ മക്കളുള്ളവർ)

**വൈദികസമിതി**

മൂന്നു വർഷമാണ് വൈദിക സമിതിയുടെ കാലാവധി. ഇപ്പോൾ നിലവിലുള്ള സമിതി കാലാവധി തികയുകയാണ്. പുതിയ സമിതി രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. മൂന്നു രീതിയിലാണ് വൈദിക സമിതിയിലെ അംഗങ്ങളാകുന്നത്. (a) ഉദ്യോഗം വഴി (Ex-officio) (b) തെരഞ്ഞെടുപ്പുവഴി (Elected) (c) നിയമനം വഴി (Nominated). തെരഞ്ഞെടുപ്പുവഴി സമിതിയിലെ അംഗങ്ങളായി തീരുന്നത് പൗരോഹിത്യം സ്വീകരിച്ച വർഷത്തിന്റെ അടിസ്ഥാനത്തിൽ ഏഴുപേർ വീതമുള്ള ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും ഓരോ പ്രതിനിധിയെ വീതം തെരഞ്ഞെടുത്താണ്. പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് അഭിലഷണീയമാണ്. ജൂലൈ 24 ന് നടക്കുന്ന മാസധ്യാനത്തിന്റെ അവസരത്തിൽ ഓരോ ഫൊറോനയിലെയും അച്ചന്മാർ അവരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കണം. അതുപോലെ പൗരോഹിത്യം സ്വീകരിച്ച വർഷത്തിന്റെ അടിസ്ഥാനത്തിൽ ഏഴുപേർ വീതമുള്ള ഗ്രൂപ്പുകളിൽ നിന്നും അതാതു ഗ്രൂപ്പിന്റെ അംഗങ്ങൾ അവരുടെ പ്രതിനിധിയെയും തെരഞ്ഞെടുക്കണം. ആഗസ്റ്റ് 13 ബുധനാഴ്ച 4 Pm ന് പുതിയ വൈദികസമിതിയുടെ പ്രഥമ മീറ്റിങ്ങ് യുവക്ഷേത്രയിൽ വെച്ച് നടക്കുന്നതായിരിക്കും.

**ഫാ. ജോർജ് തുരുത്തിപള്ളി**
**സെക്രട്ടറി**

## TRANSFER & APPOINTMENT OF PRIESTS
(with effect from July 7, 2014)

1. **Rev. Fr. Aricatt C. Antu** : Vicar, Immaculate Heart of Mary Church, Keralassery; Chaplain, Holy Family Convent, Tadukkassery
2. **Rev. Fr. Mechery Anson**: On study leave
3. **Rev. Fr. Kuttipuzhakaran Sanil** : Vicar, St. Thomas Church, Koduvayur; Chaplain, Holy Family Convent, Koduvayur; Nirmala Matha Convent, Koduvayur
4. **Rev. Fr. Kizhakkedath Thom:** Vicar, St. Peter's Church, Mankurussi; Chaplain, Maria Gorethi Convent, Mankurussi, Chief Editor, Diocesan Monthly News Paper; Relieved, Department of Dailogue & Ecumenism
5. **Rev. Fr. Thaikkattil Anto** : Director, Sanjo Priests' Home, Kannadi
6. **Rev. Fr. Karikkattil Ceejo** : Director, Kerala Catholic Youth Movement (KCYM)
7. **Rev. Fr. Tom Vadakkekkara** : Relieved, Kerala Catholic Youth Movement (KCYM)
8. **Rev. Fr. Puramadathil Jino** : Assistant Director, Yuvakshetra College, Ezhakkadu
9. **Rev. Fr. Aippenparambil Domenic** : Director, Charismatic Movement & Prayer Groups
10. **Rev. Fr. Pullukalayil Reni** : Relieved, Charismatic Movement & Prayer Groups
11. **Rev. Msgr. Chittilapilly Joseph** : Director, Department of Dailogue & Ecumenism
12. **Rev. Fr. Chalissery Joy** : Vicar, St. Antony's Church, Kozhinjampara; Chaplain,Shanthinilayam Convent, Elippara; St. Francis Convent Karuvappara; St. Christina's Convent, Kozhinjampara (w.e.f. 23.6.2014)
13. **Rev. Fr. Cheruparambil Aneesh** : Vicar, Little Flower Church Karimba ; Chaplain, St. Mary's Convent, Karimba (w.e.f. 23.6.2014)
14. **Rev. Fr. Kulambil Abin** : Director, Association of Catholic Care Homes (w.e.f. 14.5.2014)





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Aug-14 | FRI | Rev. Fr. Kannampuzha Jose |
| 2-Aug-14 | SAT | Rev. Fr. Karackad Christo |
| 4-Aug-14 | MON | Rev. Fr. Karikkattil Ceejo |
| 5-Aug-14 | TUE | Rev. Fr. Keettikkal Anto |
| 6-Aug-14 | WED | Rev. Fr. Kizhakkedath Roy |
| 7-Aug-14 | THU | Rev. Fr. Kizhakkedath Thom |
| 8-Aug-14 | FRI | Rev. Fr. Kochuparambil Jose |
| 9-Aug-14 | SAT | Rev. Fr. Kochupurackal Peter |
| 11-Aug-14 | MON | Rev. Fr. Kodakasseril Jomis |
| 12-Aug-14 | TUE | Rev. Fr. Kolamkanny Justin |
| 13-Aug-14 | WED | Rev. Fr. Kollannur Jaison |
| 14-Aug-14 | THU | Rev. Fr. Kozhipadan Tony |
| 16-Aug-14 | SAT | Rev. Fr. Kulampallil Thomas |
| 18-Aug-14 | MON | Rev. Fr. Kulampil Jose |
| 19-Aug-14 | TUE | Rev. Fr. Kulampil Abin |
| 20-Aug-14 | WED | Rev. Fr. Kummamkottil Biju |
| 21-Aug-14 | THU | Rev. Fr. Kunthaniyil Varghese |
| 22-Aug-14 | FRI | Rev. Fr. Kuruthukulngara Peter |
| 23-Aug-14 | SAT | Rev. Fr. Kuttikadan Aljo |
| 25-Aug-14 | MON | Rev. Fr. Kuttipuzhakaran Sanil |
| 26-Aug-14 | TUE | Rev. Fr. Malekudiyil Sherjo |
| 27-Aug-14 | WED | Rev. Fr. Maliekal George |
| 28-Aug-14 | THU | Rev. Fr. Mangalan Sebastian |
| 29-Aug-14 | FRI | Rev. Fr. Maramattam Xavier |
| 30-Aug-14 | SAT | Rev. Fr. Mavarayil Shijo |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ "ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്" (ലൂക്ക. 18:16) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ഈ അദ്ധ്യയനവർഷം നമുക്ക് കുട്ടികളെ യേശുവിന്റെ പക്കലേക്ക് നയിക്കുന്ന ഉത്തരവാദിത്വമുള്ള വഴികാട്ടികളായി മാറാം.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **ജൂലൈ 12** | **ശനി** | **9.30 am to4.00pm** | **മണ്ണാർക്കാട് ഫൊറോന (ഫൊറോനപാരിഷ്ഹാൾ)**<br>**ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ജൂലൈ 26** | **ശനി** | **9.30 am to4.00pm** | **കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**<br>**പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ജൂലൈ 28** | **തിങ്കൾ** | **9.30 am to4.00pm** | **വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ)**<br>**മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| സെപ്റ്റം. 13 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ)<br>ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 15 | തിങ്കൾ | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 8 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും





ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അദ്ധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. **രജിസ്ട്രേഷൻ ഫീസ് 50 രൂപ.**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ജൂലൈ 13** | **ഞായർ** | **9.30am to 4.00pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ജൂലൈ 20** | **ഞായർ** | **9.30am to 4.00pm** | **പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ)** |
| ആഗസ്റ്റ് 10 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 17 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 24 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 31 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 14 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 21 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VII & VIII ലൈംഗിക ധാർമ്മികാവബോധ ഏകദിന സെമിനാർ -2014-15**

വർദ്ധിച്ചുവരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗിക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗികത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ. **രജിസ്ട്രേഷൻ ഫീസ് 25 രൂപ**

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ജൂലൈ 6** | **ഞായർ** | **9.30am to 4.00pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |

| | | | |
|---|---|---|---|
| ഓഗസ്റ്റ് 3 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 19 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 2 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| നവം.9 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം.23 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ഡിസം. 14 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 21 | ഞായർ | 9.30am to 4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 4 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 15 ചൊവ്വയാണ്.

**ലോഗോസ് ക്വിസ് 2014**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാകുട്ടികളും മതാദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ നിർബ ന്ധമായും പങ്കെടുക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനാണ്. അത് ജൂലായ് 30ന് അവസാനിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**ഒന്നാം മിഡ്ടേം പരീക്ഷ**

സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെ ഒന്നാം മിഡ് ടേം പരീക്ഷ ജൂലായ് 27 ഞായറാഴ്ച നടത്തുന്നു.





**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം. 100 പേജിൽ കവിയാനും 75 പേജിൽ കുറ യാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതി രിക്കാൻ ശ്രദ്ധിക്കണം. 2014 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറ ക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവു പുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീ സിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷക ളിൽ രചനകൾ തയ്യാറാക്കാവുന്നതാണ്.

**BTC കോഴ്സ്**

2014 ജൂൺ 13,14,15 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന 58-ാം ബാച്ച് BTC യിൽ 11 ഫൊറോനകളിൽ നിന്നായി 97 മതാദ്ധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത്, റവ. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി, റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, റവ ഡോ. മാത്യുവാഴ യിൽ, റവ. ഫാ. സജി പനപ്പറമ്പിൽ, റവ. ഫാ. ജോമി തേക്കുംകാട്ടിൽ, റവ. ഫാ. ജെയ്സൺ കൊള്ളന്നൂർ, റവ. ഫാ. ജെയ്മോൻ പള്ളിനീരായ്ക്കൽ, ശ്രീ. ഷാജി മാലിപ്പാറ, ശ്രീ. ഫ്രാങ്കോ ജോസഫ്, റവ. സി. വിനയ സി.എം. സി. തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരിൽ BTC യിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റു കൾ നല്കി. ഈ കോഴ്സിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ മതാദ്ധ്യാപ കർക്കും അവരെ പ്രോത്സാഹിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്ത എല്ലാ വികാരി അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

**പുസ്തക പരിചയപ്പെടുത്തൽ സെമിനാർ**

2014 ജൂൺ 14-ാം തിയ്യതി പുതിയ അദ്ധ്യാപകർക്കും പുതിയ ക്ലാസ്സുക ളിലേക്ക് ഈ വർഷം പഠിപ്പിക്കാൻ പോകുന്ന അദ്ധ്യാപകർക്കുമുള്ള പുസ്തക പരിചയപ്പെടുത്തൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 110 അദ്ധ്യാ പകർ ഇതിൽ പങ്കെടുത്തു. ഫാ. ജോമിസ് കൊടകശ്ശേരിൽ, ഫാ. ജോമി തേക്കുംകാട്ടിൽ, ശ്രീ. ഫ്രാങ്കോ, സി. വിനയ സി.എം.സി., ശ്രീമതി അനു ഷ, ബ്ര. ജോസഫ് അറയ്ക്കൽ തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റെകിസം, ഡെയ്‌ലി കാറ്റെകിസം, സൻമാർഗ്ഗശാസ്ത്രം എന്നീ പുസ്തകങ്ങളും മറ്റും വാങ്ങിയവർ എത്രയും വേഗം കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു.

**സാൻജോ ബുക്ക്സ്റ്റാൾ പ്രവർത്തനസമയം**

സാൻജോ ബുക്ക്സ്റ്റാളിന്റെ പ്രവർത്തനസമയം **രാവിലെ 9.30 മുതൽ വൈകിട്ട് 7 മണി വരെ** ആക്കിയിരിക്കുന്നു.

ഫോൺ. 9946798508

## റെഗുലർ സ്കൂൾ വിശ്വാസപരിശീലന ധാർമ്മിക പഠന വാർത്തകൾ

**റെഗുലർ സ്കൂൾ അദ്ധ്യാപക സെമിനാറുകൾ**

റെഗുലർ സ്ക്കൂൾ ടീച്ചേഴ്സ് സെമിനാർ താവളം റീജിയനുവേണ്ടിയുള്ളത് കൂക്കംപാളയം സെന്റ് പീറ്റേഴ്സ് സ്ക്കൂളിൽ വച്ചും, പാലക്കാട് റീജിയനുവേണ്ടിയുള്ള സെമിനാർ രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ചും നടന്നു. ഓരോ സെമിനാറിനും യഥാക്രമം 79 ഉം അദ്ധ്യാപകർ പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ചത് ബഹു. ഫാ. ജെയ്സൺ കൊള്ളന്നൂരാണ്. സെമിനാറിന്റെ നല്ല നടത്തിപ്പിനായി യത്നിച്ച ഓരോ റീജിയനിലെയും കൗൺസിൽ അംഗങ്ങൾക്കും. റീജിയണൽ കോ-ഓർഡിനേറ്റർമാർക്കും പ്രത്യേകം അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **ജൂലൈ 5** | **ശനി** | **10am to 4pm** | **വടക്കഞ്ചേരി മേഖല (ചെറുപുഷ്പം സ്കൂൾ)** |
| **ജൂലൈ 19** | **ശനി** | **10am to 4pm** | **മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ)** |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

**സ്റ്റാർസ്**

Blogspot: starspalghat.blogspot.in

**പ്രതിമാസ മുഖാഭിമുഖ പരിശീലന പരിപാടി**

എല്ലാ ബാച്ചുകാർക്കുമുള്ള പ്രതിമാസ മുഖാഭിമുഖ പരിശീലനപരിപാടി ജൂൺ 27ന് 6 മണി മുതൽ 28 ന് 3.30 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.





**2014-2015 ബാച്ചിലേക്ക് അപേക്ഷിക്കേണ്ടവിധം**

പുതിയവർഷത്തിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ച് തുടങ്ങിയിരിക്കുന്നു. സ്റ്റാർസിൽ അഡ്മിഷൻ ലഭിക്കാൻ അപേക്ഷിക്കുമ്പോൾ നിർദ്ദിഷ്ട ഫോറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കാൻ. ആറാം ക്ലാസ്സിൽ 10 ൽ താഴെ കുട്ടികളാണങ്കിൽ 2 പേരും (1 ആൺ, 1പെൺ) അതിൽകൂടുതലാണെങ്കിൽ 4 പേരും (2 ആൺ, 2 പെൺ) ആണ് അപേക്ഷിക്കേണ്ടത്. **സ്ക്കൂളിൽ ഇപ്പോൾ ആറാം ക്ലാസ്സിൽ പഠിക്കുന്നവരും, വിശ്വാസപരിശീലനത്തിലും സ്ക്കൂൾപഠനത്തിലും മികവുതെളിയിക്കുന്നവരുമായ കുട്ടികളെയാണ് അപേക്ഷക്കായി പരിഗണിക്കേണ്ടത്.** അപേക്ഷിക്കാൻ യോഗ്യരായ ഏറ്റവും പ്രഗത്ഭരായ കുട്ടികളെ കണ്ടെത്തേണ്ടതും അപേക്ഷിക്കേണ്ടതും ബഹു. വികാരിയച്ചന്മാരുടെ അറിവിലും ഉത്തരവാദിത്വത്തിലുമായിരിക്കും.

കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്

**ബൈബിൾ അപ്പോസ്തലേറ്റ്**

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2014**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2014.

**ലോഗോസ് ക്വിസ് 2014 ന്റെ സവിശേഷതകൾ**

ഈ വർഷം വിദേശമലയാളികൾക്ക് ഓൺലൈൻ വഴി ലോഗോസ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2003 ന് ശേഷം ജനിച്ചവർ

B. വിഭാഗം-01-01-1998 നും 31.12.2002 നും ഇടക്ക് ജനിച്ചവർ

C. വിഭാഗം-01-01-1983 നും 31.12.1997 നും ഇടക്ക് ജനിച്ചവർ

D. വിഭാഗം-01-01-1963 നും 31.12.1982 നും ഇടയ്ക്ക് ജനിച്ചവർ.

E. വിഭാഗം-01-01-1950 നും 31-12-1962 നും ഇടയ്ക്ക് ജനിച്ചവർ.

F. വിഭാഗം-31-12-1949 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാൻ www.catechismpalghat.org എന്ന രൂപതാമതബോധന വെബ്സൈറ്റിലെ ലോഗോസ് ക്വിസ് പോർട്ടൽ കാണുക. അല്ലെങ്കിൽ www.logosquiz.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. തുടർന്ന് പാലക്കാട് തിരഞ്ഞെടുത്ത് **സെന്റർ ലോഗിൻ** ക്ലിക്ക് ചെയ്ത് രൂപതയിൽ നിന്നും നൽകിയിട്ടുള്ള User Name & Password ഉപയോഗിച്ച് അതാത് പള്ളികളുടെ പേജിലെത്താവുന്നതാണ്. അവിടെ നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരമായിരിക്കണം പേര് രജിസ്റ്റർ ചെയ്യേണ്ടത്. ആഗസ്റ്റ് 1 ന് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിന്റെ പ്രിന്റഡ് ഫോമും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ അവസാനിക്കുന്നത് 2014 ജൂലായ് 31 ന് ആയിരിക്കും.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

*1. ലേവ്യർ 15-27*

*2. വി. ലൂക്കോസ് 13-24*

*3. യോഹന്നാൻ എഴുതിയ രണ്ടും മൂന്നും ലേഖനങ്ങൾ.*

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2014 സെപ്റ്റംബർ 28-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും.

രൂപതാതല മൽസര ഫലപ്രഖ്യാപനത്തിന് ശേഷം ഓരോ വിഭാഗത്തിലും 1, 2, 3, സ്ഥാനം നേടിയവരാണ് അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാൻ യോഗ്യത നേടുന്നത്. അവരുടെ ജനനസർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഇടവകയിൽ സെന്റർ ഇൻചാർജ്ജസ് ഒക്ടോബർ 20 ന് മുൻപ് രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2014 നവംബർ 29, 30 ന് രാവിലെ 10.00 മുതൽ ആയിരിക്കും.

**സമ്മാനങ്ങൾ**

വിശുദ്ധനാട് തീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.





ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖിലകേരളതലത്തിൽ**

(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 15000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.

2-ാം സമ്മാനം 10000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.

4-ാം സമ്മാനം 1000 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും

(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 500 രൂപ

ബാക്കി എല്ലാവർക്കും (576-60=516) സമ്മാനങ്ങൾ ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 28-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തിയ്യതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്കും 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും സമ്മാനം നൽകുന്നതാണ്. അതിനാൽ 5 മുതൽ 12 എച്ച്.ഡി.സി. പേര് രജിസ്റ്റർ ചെയ്യുമ്പോൾ ക്ലാസ്സുകൂടി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്.

**ഇടവകതലത്തിൽ**

ഓരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും

(50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ
* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ
* 1000- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ
* 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ
* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി,സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

***ഇപ്രാവശ്യം ബുക്ക്ലെറ്റ് ഉണ്ടായിരിക്കുന്നതല്ല.***

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**തിരുബാലസഖ്യ സെമിനാറുകൾ**

ഈ വർഷത്തെ തിരുബാലസഖ്യം ഫൊറോനതല സെമിനാർ ജൂൺ 7-ാം തിയ്യതി കാഞ്ഞിരപ്പുഴ ഫൊറോനയിൽ ആരംഭിച്ചു. രാവിലെ 10 ന് ആരംഭിച്ച സെമിനാർ ഫൊറോന വികാരി പെരിയ. ബഹു. ഫാ. ജീജോ ചാലക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ഷെർജോ മലേക്കുടിയിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തിരുബാലസഖ്യം രൂപതാ ഡയറക്ടർ, രൂപതാ ആനിമേറ്റർ, അൾത്താരസംഘം രൂപതാ ഡയറക്ടർ, ബ്ര.ജോസഫ് എന്നിവർ സന്നിഹിതരായി. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ. റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. 148 തിരുബാലസഖ്യം കുട്ടികളും 13 ആനിമേറ്റേഴ്സും പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.സഹകരിച്ച, വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.





**തിരുബാലസഖ്യ സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ജൂലൈ 5** | **ശനി** | **9.30am to4.00 pm** | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ)** |
| ആഗസ്റ്റ് 2 | ശനി | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 16 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 23 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.27 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## അൾത്താരസംഘം

Blogspot: abapalghat.blogspot.in

**അൾത്താര സംഘം സെമിനാറുകൾ**

2014-15 വർഷത്തെ അൾത്താരസംഘം ഫൊറോനതല സെമിനാർ ജൂൺ 7-ാം തിയ്യതി കാഞ്ഞിരപ്പുഴ ഫൊറോനയിൽ ആരംഭിച്ചു. രാവിലെ 10 ന്

ആരംഭിച്ച സെമിനാർ ഫൊറോന വികാരി പെരിയ. ബഹു. ഫാ. ജീജോ ചാലക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ഷെർജോ മലേക്കുടിയിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തിരുബാലസഖ്യം രൂപതാ ഡയറക്ടർ, രൂപതാ ആനിമേറ്റർ, എന്നിവർ സന്നിഹിതരായിരുന്നു. അൾത്താരസംഘം രൂപതാ ഡയറക്ടർ, ഫാ. ജോമിസ് കൊടകശ്ശേരിൽ സെമിനാറുകൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി. പാലക്കാട് രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾ ഫാ. റെന്നി പുല്ലുകാലായുടെ നേതൃത്വത്തിൽ സെമിനാർ നടത്തി. 83 അൾത്താരസംഘം കുട്ടികളും 7 ആനിമേറ്റേഴ്സും പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. സെമിനാറിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

തുടർന്നു വരുന്ന സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| **ജൂലൈ 5** | **ശനി** | **9.30am to4.00 pm** | **മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ)** |
| ആഗസ്റ്റ് 2 | ശനി | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 16 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 23 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.27 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 11 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 22 | ബുധൻ | 9.30 am to4.00pm | മംഗലം ഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ഒക്ടോ. 25 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 22 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസംബർ 6 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |





**അൾത്താരസംഘം ക്വിസ് മൽസരം**

ഈ വർഷവും അൾത്താരബാലന്മാർക്കായി ക്വിസ് മൽസരം സംഘടിപ്പിക്കുന്നുണ്ട്. ഇടവകയിൽനിന്നും ജൂനിയർ (5,6,7) സീനിയർ (8-12) വിഭാഗങ്ങളിൽ ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം.

**പഠനഭാഗം**

| | | |
|---|---|---|
| വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി (പേജ് 21-169) | - | 50 മാർക്ക് |
| കുർബ്ബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് ക്വിസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |
| അൾത്താര സംഘടന, പാലക്കാട് രൂപത | - | 10 മാർക്ക് |

ഫൊറോനതല മൽസരം നവംബർ 3 ന് 9.30 മണി മുതൽ 12 മണി വരെ ഫൊറോന സെന്ററുകളിൽ വച്ചും (കൂടുതൽ വിവരങ്ങൾക്ക് ഫൊറോന അൾത്താരസംഘം ഡയറക്ടറുമായി ബന്ധപ്പെടുക) രൂപതാതല മൽസരം ഡിസംബർ 13 ശനിയാഴ്ച 9.45 മുതൽ 1 മണി വരെ പാസ്റ്ററൽ സെന്ററിൽ വച്ചും നടക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

**പ്രിയ കുഞ്ഞുമിഷനറിമാരെ,**

ഒരു പുതിയ പ്രവർത്തനവർഷം ആരംഭിക്കുകയാണല്ലോ. ഏവർക്കും അനുഗ്രഹപൂർണ്ണമായ ഒരു പ്രവർത്തനവർഷം ആശംസിക്കുന്നു. എല്ലാ ശാഖാ-മേഖലാ സമിതികളിലേക്കും തിരഞ്ഞെടുപ്പു നടന്നു കഴിഞ്ഞു എന്ന് കരുതുന്നു. ശാഖാ മേഖലാ ഡയറക്ടർമാരോടു ചേർന്ന് പുതിയ ചൈതന്യത്തോടെ മിഷൻപ്രവർത്തനങ്ങൾ നടത്താൻ പരിശ്രമിക്കുക. തുടർന്നുള്ള കാര്യങ്ങൾ താഴെ ചേർക്കുന്നു.

**ജൂലൈ 3 ദുക്റാന**

ജൂലായ് 3 തിയതി സംഘടനയുടെ ഉപമദ്ധ്യസ്ഥൻ കൂടിയായ വി. തോമാശ്ലീഹായുടെ തിരുനാൾ വളരെ ഭക്തിപൂർവ്വം ആചരിക്കുകയും തോമസ് നാമധാരികളായ അംഗങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്യുക.

**ജൂലായ് 12, രൂപതാ കൗൺസിൽ പ്രവർത്തനവർഷ ഉദ്ഘാടനം**

ജൂലായ് 12-ാം തിയതി രണ്ടാം ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ കൗൺസിൽ ചേരുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ. 9.30 ന് ഉദ്ഘാടനസമ്മേളനത്തോടെ ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിയോടെ സമാപിക്കുന്നു. ഒരു ശാഖയിൽ നിന്നു വരുന്നവർക്ക് 200 രൂപയാണ് രജി.ഫീ. 2014-15 പ്രവർത്തനവർഷത്തെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം കൗൺസിലിനോടനുബന്ധിച്ച് നടത്തുന്നതായിരിക്കും. കൗൺസിലിൽ എല്ലാ ശാഖാ-മേഖലാ ഭാരവാഹികളും ആനിമേറ്റർമാരും ഡയറക്ടർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വരുമ്പോൾ ഓരോ ശാഖയിലേയും മേഖലയിലേയും ഭാരവാഹികളുടെ ഫോൺ/മൊബൈൽ നമ്പർ സഹിതമുള്ള അഡ്രസ് രൂപതാ സമിതിയെ ഏൽപിക്കേണ്ടതാണ്.

**രൂപതാ ഇലക്ഷൻ**

ജൂൺ രണ്ടാം ശനിയാഴ്ച ചേർന്ന മാനേജിംഗ് കമ്മിറ്റിയിൽ എല്ലാ മേഖലയിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കാതിരുന്നതിനാൽ രൂപതാ ഇലക്ഷൻ നടത്താൻ സാധിച്ചിരുന്നില്ല. അതിനാൽ രൂപതാ കൗൺസിലിനോടനുബന്ധിച്ചുള്ള മാനേജിംഗ് കമ്മറ്റിയിൽ വച്ച് പുതിയ രൂപതാ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും. അതിനാൽ എല്ലാ മേഖലാ ഭാരവാഹികളും അതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഏവർക്കും മിഷൻ ചൈതന്യം നിറഞ്ഞ ഒരു പ്രവർത്തന വർഷം ആശംസിക്കുന്നു.**

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## കെ. സി. വൈ. എം

**യുവജനദിനാഘോഷം**

യുവാവായ ക്രിസ്തുവിനെ മാതൃകയാക്കി യുവത്വം ഒരു ചൈതന്യമാണെന്ന് വിളിച്ചോതിക്കൊണ്ട് പാലക്കാട് രൂപതയിലെ യുവജനങ്ങൾ ഒരുമിച്ചു കൂടുന്നു. കെ.സി.വൈ.എം. പാലക്കാട് രൂപത സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 12-ാം തിയ്യതി കാഞ്ഞിരപ്പുഴ ഫൊറോനയിലെ പാലക്കയം യൂണിററിൽ വച്ച് യുവജനദിനാഘോഷം നടത്തപ്പെടുന്നു. രാവിലെ 9.00 മണിയോടെ രജിസ്ട്രേഷൻ ആരംഭിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 30 രൂപ. കാഞ്ഞിരപ്പുഴയിൽ നിന്നും പ്രത്യേക വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.





**അഫിലിയേഷൻ**

കെ.സി.വൈ.എം. ന്റെ 2014 പ്രവർത്തനവർഷത്തേക്കുള്ള അഫിലിയേഷന്റെ അവസാനദിവസം ജൂൺ 30 ലേക്ക് മാററിയ വിവരം അറിഞ്ഞിരിക്കുമല്ലോ. ഭൂരിഭാഗം യൂണിറ്റുകളും തങ്ങളുടെ അഫിലിയേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചപ്പോൾ ചില യൂണിറ്റുകൾ തീർക്കാതിരുന്നതാണ് ഇതിനു കാരണം. ജൂൺ 30 ന് മുൻപായി അഫിലിയേഷൻ നടത്തേണ്ടതാണ്. കൃത്യസമയത്ത് ഫൊറോനയിലെ എല്ലാ യൂണിറ്റുകളുടെയും അഫിലിയേഷൻ പൂർത്തിയാക്കിയ കാഞ്ഞിരപ്പുഴ ഫൊറോനയ്ക്കും നേതൃത്വം നൽകിയ പ്രസിഡന്റ് അനൂപ് മൈലംവേലിക്കും അഭിനന്ദനങ്ങൾ. അഫിലിയേഷൻ പൂർത്തിയാക്കിയില്ലെങ്കിൽ മേൽഘടകങ്ങളുടെ പരിപാടിയിൽ പങ്കെടുക്കാനോ K.C.Y.M. എന്ന പേരിൽ പ്രവർത്തിക്കാനോ സാധിക്കില്ല എന്ന് ഓർമ്മിപ്പിക്കട്ടെ.

**അഗാധ**

കെ.സി.വൈ.എം. പാലക്കാട് രൂപത സമിതി യുവജനങ്ങൾക്കായി നടത്തുന്ന ക്വിസ് മത്സരം അഗാധ ആഗസ്റ്റ് 2-ാം തിയ്യതിയിലേക്ക് പുനർ നിശ്ചയിച്ചിരിക്കുന്നു. രാവിലെ 9.00 മണി മുതൽ യുവക്ഷേത്ര കോളേജിൽ വെച്ച് നടത്തപ്പെടുന്ന മത്സരത്തിൽ 2 പേരടങ്ങുന്ന ടീമുകളായിട്ടാണ് പങ്കെടുക്കേണ്ടത്. 2 റൗണ്ടുകളായിട്ടാണ് മത്സരം നടക്കുക. ആദ്യ റൗണ്ട് എഴുത്ത് പരീക്ഷ ആയിരിക്കും. അതിൽ നിന്നും 5 ടീമുകൾ 2-ാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെടും. 2-ാം റൗണ്ട് Audio-Visual ആയിരിക്കും. ആദ്യറൗണ്ടിൽ പുറത്തായവർക്കും 2-ാം റൗണ്ടിൽ സമ്മാനാർഹരാകാൻ അവസരമുണ്ട്. രജിസ്ട്രേഷനുള്ള അവസാന ദിവസം ജൂലൈ 20 ആണ്. യൂണിറ്റ് പ്രസിഡന്റുമാർ മുഖേന രജിസ്ട്രേഷൻ നടത്തുക. പരമാവധി ടീമുകളെ പങ്കെടുപ്പിച്ച് YOUCAT പഠിക്കാനുള്ള അവസരം നമുക്ക് പ്രയോജനപ്പെടുത്താം.

**പഠനഭാഗങ്ങൾ :** Youcat (1,2,3 ഭാഗങ്ങൾ) 70 %, കെ.സി.വൈ.എം.* 25 %, General Knowledge** 5%, (% is approximate, * സ്നേഹവീട് കെ.സി.വൈ.എം. കർമ്മപദ്ധതി, കെ.സി.വൈ.എം. നിയമാവലി, ** സഭാപഠനം) Reg. Fees : ഒരു ടീമിന് 250 രൂപ. ഒരു യൂണിററിൽ നിന്നും എത്ര ടീമുകൾക്കു വേണമെങ്കിലും പങ്കെടുക്കാം. 1-ാം സമ്മാനം 5001 രൂപ, 2-ാം സമ്മാനം 3001 രൂപ, 3-ാം സമ്മാനം 1001 രൂപ

**അർദ്ധവാർഷിക സെനററ്**

കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ 2014 പ്രവർത്തനവർഷത്തെ അർദ്ധവാർഷിക സെനററ് സമ്മേളനം ആഗസ്റ്റ് 9 ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടെ

ആരംഭിക്കുന്ന സെനററ് സമ്മേളനം അന്നേ ദിവസം 4.00 മണിയോടെ അവസാനിക്കും. ഈ വർഷത്തെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനവും ഇനിയുള്ള പ്രവർത്തനങ്ങളെ കുറിച്ചുള്ള സമഗ്രമായ നിർദ്ദേശങ്ങളും ചർച്ച ചെയ്യപ്പെടുന്ന സംഘടനയുടെ പരമാധികാര സഭയായ സെനററിൽ ഫൊറോനകൾ തങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടുകൾ അവതരിപ്പിക്കേണ്ടതാണ്. സെനററിൽ വികാരിയച്ചന്റെ സാക്ഷ്യ പത്രത്തോടെ എല്ലാ യൂണിററ് ഫൊറോന ഭാരവാഹികളും ആനിമേറ്റർമാരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് യൂണിറ്റിന് 300 രൂപ.

**പിന്നിട്ട വഴികളിലൂടെ**

**ഉണർവ്വ് 2014, മണ്ണാർക്കാട് സോൺ**

കെ.സി.വൈ.എം. നടത്തുന്ന ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം ഉണർവ്വ് 2014 മണ്ണാർക്കാട് സോണിൽ മെയ് 1-ാം തിയ്യതി മണ്ണാർക്കാട് ഫൊറോന പള്ളിയുടെ ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, പൊന്നംകോട്, താവളം ഫൊറോനകളിൽ നിന്നുമായി 80 ഓളം യുവജന നേതാക്കൾ പങ്കെടുത്തു. മണ്ണാർക്കാട് ഫൊറോന വികാരി ഫാ. ജോർജ്ജ് എടത്തല പരിപാടി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷനായിരുന്നു. മണ്ണാർക്കാട് ഫൊറോന ഡയറക്ടർ ഫാ. ഷിജോ മാവറ ആമുഖ പ്രഭാഷണം നടത്തി. കാഞ്ഞിരപ്പുഴ ഫൊറോന വൈസ് പ്രസിഡന്റ് കുമാരി നിമ്മി സിറിയക്, പൊന്നംകോട് ഫൊറോന പ്രസിഡന്റ് ശ്രീ. ഗ്ലോഡിൻ ജോസ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ സ്വാഗതം ആശംസിച്ചു. കൺവീനർ ശ്രീ. സജിൻ ജോസഫ് നന്ദി രേഖപ്പെടുത്തി. രൂപത ഡയറക്ടർ ഫാ. ടോം ജി വടക്കേക്കര, അസി. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ, ശ്രീ. സന്തോഷ് അറയ്ക്കൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. സംഗീത് മാർട്ടിൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. രാവിലെ 9.30 മണിയോടെ ആരംഭിച്ച സെമിനാർ വൈകിട്ട് 4.00 മണിയോടെ അവസാനിച്ചു. ആതിഥേയത്വം വഹിച്ച മണ്ണാർക്കാട് ഫൊറോനയ്ക്കും നേതൃത്വത്തിനും പങ്കെടുത്തവർക്കും നന്ദി.

**ഉപവാസധർണ്ണ**

കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക എന്ന ആവശ്യവുമായി കെ.സി.വൈ.എം. പാലക്കാട് രൂപത സമിതി പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ്സ്സ്റ്റാന്റിനു സമീപം ഏകദിന ഉപവാസ ധർണ്ണ നടത്തി. രൂപത ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര ധർണ്ണ ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. സന്തോഷ് അറയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. സീജോ കാരിക്കാട്ടിൽ, ജനറൽ സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ, സംസ്ഥാന സിൻഡിക്കേററംഗം ശ്രീ. സംഗീത്





മാർട്ടിൻ, വൈസ് പ്രസിഡന്റ് ജാക്ക് ഫ്രാൻസിസ്, ട്രഷറർ ജൂബിൻ കൊടിയംകുന്നേൽ, പൊന്നംകോട് ഫൊറോന പ്രസിഡന്റ് ശ്രീ. ഗ്ലോഡിൻ ജോസ് എന്നിവർ പ്രസംഗിച്ചു. രാവിലെ 10 മണിക്കാരംഭിച്ച ധർണ്ണയിൽ 30 ഓളം പേർ പങ്കെടുത്തു. വൈകിട്ട് 5 മണിയോടെ ധർണ്ണ സമാപിച്ചു.

**ഉണർവ്വ് 2014 , വടക്കഞ്ചേരി സോൺ**

കെ.സി.വൈ.എം. നടത്തുന്ന ലീഡേഴ്സ് ട്രെനിംഗ് പ്രോഗ്രാം ഉണർവ്വ് 2014 വടക്കഞ്ചേരി സോണിൽ മെയ് 31-ാം തിയ്യതി വടക്കഞ്ചേരി ഫൊറോന പള്ളിയുടെ ഓഡിറേറാറിയത്തിൽ വെച്ചു നടന്നു. വടക്കഞ്ചേരി, മംഗലംഡാം, മേലാർകോട് ഫൊറോനകളിൽ നിന്നുമായി 40 ഓളം യുവജന നേതാക്കൾ പങ്കെടുത്തു. ഹൈക്കോടതിയിലെ അഭിഭാഷകനായ അഡ്വ. ഫിജോ, രൂപത ഡയറക്ടർ ഫാ. ടോം ജി. വടക്കേക്കര എന്നിവർ ക്ലാസ്സുകൾ നയിച്ചു. പ്രസിഡന്റ് ശ്രീ. ഷിജു കുര്യൻ അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ശ്രീ. എബിൻ കണിവയലിൽ, സംസ്ഥാന സിൻഡിക്കേററംഗം ശ്രീ. സംഗീത് മാർട്ടിൻ, ട്രഷറർ ശ്രീ. ജുബിൻ ജോസ്, മംഗലംഡാം ഫൊറോന പ്രസിഡന്റ് ഡെൽജോ, മേലാർകോട് ഫൊറോന പ്രസിഡന്റ് അജിൽ, വടക്കഞ്ചേരി ഫൊറോന സെക്രട്ടറി ടോംസ് എന്നിവർ പ്രസംഗിച്ചു. രാവിലെ 9.30 മണിയോടെ ആരംഭിച്ച സെമിനാർ വൈകിട്ട് 4.00 മണിയോടെ അവസാനിച്ചു. ആതിഥേയത്വം വഹിച്ച വടക്കഞ്ചേരി ഫൊറോനയ്ക്കും നേതൃത്വത്തിനും പങ്കെടുത്തവർക്കും നന്ദി.

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ

## സി. എൽ. സി

സി.എൽ.സി. 2014-2016 വർഷത്തേക്കുള്ള രൂപത ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| ഡയറക്ടർ | : റവ. ഫാ. തോം കിഴക്കേടത്ത് |
| ആനിമേറ്റർ | : സി. ആൻ തെരേസ സി.എച്ച്.എഫ് (മൈലംപുള്ളി) |
| കോർഡിനേറ്റർ | : ഡാനി ചെറുവത്തൂർ(മുണ്ടൂർ) |
| പ്രസിഡന്റ് | : ജോസഫ് റോയ് (ഇളവംപാടം) |
| വൈസ് പ്രസിഡന്റ് | : അലിന എം ജോസ് (മലമ്പുഴ) |
| സെക്രട്ടറി | : ബിബിൻ ബെന്നി (മൈലംപുള്ളി) |
| ജോ. സെക്രട്ടറി | : ആൽബി അലക്സ് (തത്തമംഗലം) |
| ട്രഷറർ | : ആൽബിൻ സെബാസ്ററ്യൻ (പൊന്നംകോട്) |

**എക്സിക്യൂട്ടീവ് അംഗങ്ങൾ:**

ലിൻജോ (കത്തീഡ്രൽ), ജേക്കബ് ജോസ് (നെന്മാറ), സ്നേഹ(മുണ്ടൂർ), എസ്തേർ (കത്തീഡ്രൽ)

**മേഖല കോർഡിനേറ്റേഴ്സ് :**

മംഗലംഡാം- പ്രണിബ ജോയ്, മേലാർകോട് - അലക്സ്, ഒലവക്കോട്- റിബിൻ, പാലക്കാട് - ഏബൽ, പൊന്നംകോട് -സിജോയ്

ഈ വരുന്ന ജൂലൈ 12, രണ്ടാം ശനിയാഴ്ച മേൽപറഞ്ഞ ഭാരവാഹികളുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. യൂണിറ്റ് ആനിമേറ്റർമാരോ ഡയറക്ടറോ സി.എൽ.സി വാർത്ത അംഗങ്ങളുടെ മുൻപാകെ വായിച്ച് അറിയിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**അഭിനന്ദനങ്ങൾ**

സംസ്ഥാന സി.എൽ.സി. ഇലക്ഷനിൽ സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡെന്നീസ് സി.കെ എക്സിക്യൂട്ടീവ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ലൈജോ തോമസ് എന്നിവർക്ക് അഭിനന്ദനങ്ങൾ

**ഫാ. തോം കിഴക്കേടത്ത്**
ഡയറക്ടർ

## മാതൃസംഘം

മാതൃസംഘം യൂണിറ്റ് അഫിലിയേഷനും മെമ്പർഷിപ്പ് ഫീസും പുതുക്കുന്നതിന് കത്ത് ലഭിച്ചിട്ടുള്ള യൂണിറ്റുകൾ ജൂലായ് 15 നു മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

ദൈവാനുഗ്രഹത്തിന്റെ വഴികൾ എന്ന പുസ്തകം വിതരണം ചെയ്തതിന്റെ തുക ജൂലായ് 20-ാം തിയതിയ്ക്കു മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

കൈയ്യെഴുത്തുമാസിക മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ എഡിറ്റോറിയൽ ബോർഡ് തിരഞ്ഞെടുത്ത ആ വിവരം ജൂലായ് മാസം അവസാനിക്കുന്നതിനുമുമ്പ് രൂപതാ കേന്ദ്രത്തിൽ അറിയിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

മാതൃസംഘം രൂപതാ ഓഫീസ് എല്ലാ മാസത്തിലെയും ഒന്നാമത്തെയും മൂന്നാമത്തെയും ശനിയാഴ്ചകളിൽ തുറന്ന് പ്രവർത്തിക്കുന്നതാണ്.( 10 മുതൽ 1 മണിവരെ)

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ





## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**ജൂലൈ** മാസത്തിലെ പ്രീകാന കോഴ്സ് **7,8,9,10** തീയതികളിലും **ആഗസ്റ്റ്** മാസത്തിലെ പ്രീകാന കോഴ്സ് **4,5,6,7** തിയ്യതികളിലും മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ



## കുടുംബകൂട്ടായ്മ

1. സീറോമലബാർ സഭയിൽ ഫാമിലി കമ്മീഷന്റെ കീഴിലാണ് ഓൾ കേരള സീറോ മലബാർ കുടുംബകൂട്ടായ്മ പ്രവർത്തിക്കുന്നത്. സഭയിലെ എല്ലാ രൂപതകളിലും കുടുംബകൂട്ടായ്മക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്ന നിയമാവലിക്ക് ആഗസ്റ്റ് മാസത്തിലെ മെത്രാന്മാരുടെ സിനഡിൽ അന്തിമ അംഗീകാരം ലഭിക്കുമെന്നു പ്രതീക്ഷിക്കാം.

നമ്മുടെ ഇടവകയുടെ അടിസ്ഥാനഘടകമാണ് കുടുംബയൂണിറ്റ്. യൂണിറ്റിന്റെ സജീവത്വം ഭാരവാഹികളുടെ നേതൃത്വം പോലെയിരിക്കും. അതുകൊണ്ട് ഫൊറോനതലങ്ങളിൽ യൂണിറ്റ് ഭാരവാഹികൾക്ക് നേതൃത്വപരിശീലനം അത്യാവശ്യമാണ്. അത് സാധിക്കണമെങ്കിൽ രൂപതയിലെ എല്ലാ ഇടവകകളും ഒരുമിച്ചു സഹകരിക്കണം. ഇതിൽ ഏറ്റവും പ്രധാനം യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പാണ്. നമ്മുടെ പല ഇടവകകളിലും, പല സമയങ്ങളിലും, പല രീതികളിലും തെരഞ്ഞെടുപ്പ് നടത്തുന്നതുകൊണ്ട് ഭാരവാഹികൾക്കായി ഒരു പൊതുപരിപാടി നടത്താൻ തടസ്സമുണ്ട്. അതുകൊണ്ട് ഇടവകയിലെ പതിവ് എന്തുതന്നെയാണെങ്കിലും കുടുംബകൂട്ടായ്മ എന്ന പ്രസ്ഥാനത്തിന്റെ ശരിയായ വളർച്ചക്കായ് 2014

സെപ്റ്റംബർ 30ന് മുമ്പായി പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കണം. ഈ പുതിയ ഭാരവാഹികളുടെ കാലഘട്ടം 2016 ഒക്ടോബർ 30 വരെ ആയിരിക്കും. സാർവത്രികസഭ ശ്രദ്ധ മുഴുവൻ കുടുംബങ്ങളിലേക്ക് കേന്ദ്രീകരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ബഹു. അച്ചന്മാരുടെ തീക്ഷ്ണത ഇക്കാര്യത്തിൽ സുപ്രധാനമാണ്.

2. പ്രഥമ എപ്പാർക്കിയൽ അസംബ്ലിയുടെ പഠനരേഖയുടെ ആദ്യത്തെ 4 അദ്ധ്യായങ്ങൾ ചർച്ചചെയ്തു കഴിഞ്ഞുവെന്നു വിശ്വസിക്കുന്നു. വികാരിയുടെ നേതൃത്വത്തിൽ കുടുംബസമ്മേളന ഭാരവാഹികൾ എല്ലാവരും ഒരുമിച്ചുകൂടി ഇടവകയുടെ ഒരു റിപ്പോർട്ടുണ്ടാക്കി, ഫൊറോന വൈദിക പ്രതിനിധിയെ ഏല്പിക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**
ഡയറക്ടർ

## ALL KERALA CATHOLIC CONGRESS (A.K.C.C)

നമ്മുടെ സഭയിൽ കത്തോലിക്ക കോൺഗ്രസ്സ് (AKCC) എന്ന അത്മായ പ്രസ്ഥാനം ശക്തിപ്രാപിച്ചു വരികയാണ്. സഭാതലവനായ മേജർ ആർച്ചുബിഷപ്പുതന്നെ വ്യക്തിപരമായ താല്പര്യം ഈ പ്രസ്ഥാനത്തോടു കാണിക്കുന്നുണ്ട്. അവശ്യ സാഹചര്യങ്ങളിൽ സമുദായത്തിന്റെ ശബ്ദമായി, രാഷ്ട്രീയത്തിനധീതമായി വർത്തിക്കേണ്ട പ്രസ്ഥാനമാണിത്. നമ്മുടെ രൂപതയിൽ സംഘടന സ്ഥാപിതമായെങ്കിലും, ശക്തമായ ഒരു മുന്നേറ്റ മായിട്ടില്ല. ശ്രേഷ്ഠ മെത്രാപ്പോലീത്ത രൂപത AKCC ജനറൽബോഡിയെ അഭിസംബോധന ചെയ്യുന്നതിനു മുന്നോടിയായി നമ്മുടെ ഇടവകകളിലും, ഫൊറോനകളിലും പ്രസ്ഥാനം ശക്തിപ്പെടണം. അതിനു താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുമല്ലോ?

1, സെപ്റ്റംബർ 30 നു മുമ്പായി കുടുംബയൂണിറ്റ് തിരഞ്ഞെടുപ്പ് നടത്തി ഭാരവാഹികളുടെ പേര്, അഡ്രസ്, ഫൊറോന പ്രസിഡന്റിനെ ഏല്പിക്കണം.

2. ബഹു. വികാരിമാർക്ക് അയച്ചുതന്നിരിക്കുന്ന കവറിൽ അച്ചന്റെ ഇടവകയിൽനിന്നും രാഷ്ട്രീയ-സാമൂഹിക-സമുദായ അവബോധമുള്ള വ്യക്തികളുണ്ടെങ്കിൽ അവരുടെ പേരുവിവരവും രൂപതാ ഡയറക്ടർക്കു എത്രയും വേഗം എത്തിച്ചു കൊടുക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പിള്ളി**
ഡയറക്ടർ







## സെമിനാരി വാർത്തകൾ

**ഈ വർഷം (2014) സെമിനാരിയിൽ പ്രവേശനം ലഭിച്ചവരുടെ പേരും ഇടവകയും**

| വീട്ടുപേര് | പേര് | ഇടവക |
|---|---|---|
| അരയാണ്ടയിൽ | തോമസ്(അലൻ ടോം) | നീതിപുരം |
| ചവർപുഴയിൽ | ജോർജ് (ജെറിൻ ജോസഫ്) | പനംകുറ്റി |
| ചേക്കയിൽ | വർഗീസ്(ടോണി ജോണി) | ബാലേശ്വരം |
| ചേന്നമുറിയിൽ | തോമസ്(തോമസ് മാത്യു) | പാലപ്പുറം |
| കുമ്പളാങ്കൽ | അഗസ്റ്റിൻ(റോയി തോമസ്) | ചീനിക്കപ്പാറ |
| മക്കോളിൽ | പോൾ (ആക്റ്റി ജോസഫ്) | ചിറ്റൂർ (അട്ടപ്പാടി) |
| ഓലിക്കൽ | മത്തായി (എബി എബ്രഹാം) | എടത്തനാട്ടുകര |
| പാറയ്ക്കൽ | കുര്യാക്കോസ് (ജെറിൻ ജോർ) | ആരോഗ്യപുരം |
| പെരുമ്പിള്ളിൽ | തോമസ് (ഐബിൻ ജോണി) | ത്രീത്വമല |
| പ്ലാത്തോട്ടത്തിൽ | ഡൊമിനിക് (ജിതിൻ ഫ്രാൻസിസ്) | ചുള്ളിയാംകുളം |
| പുത്തൻപുരയ്ക്കൽ | കുരുവിള(സുനിൽ ദേവസ്യാ) | കണ്ടമംഗലം |
| പുതുശ്ശേരി | ദേവസ്യാ(അനൂപ് ഡേവീസ്) | ചിറ്റൂർ(അട്ടപ്പാടി) |
| പുറ്റുമണ്ണിൽ | യോഹന്നാൻ(കിരൺ ടോമി) | ആരോഗ്യപുരം |
| തേക്കുംകാട്ടിൽ | ജോസഫ് (ജിജിൻ തോമസ്) | ജെല്ലിപ്പാറ |
| വാളിപ്ലാക്കൽ | ജോർജ്ജ്(അരുൺ ആന്റണി) | വചനഗിരി |
| വലിയമുറത്താങ്കൽ | ജോസഫ്(ജോബിൻ ബെന്നി) | നീതിപുരം |
| വഴുതനകുന്നേൽ | കോര(ജിനോയി അബ്രാഹം) | കല്ലടിക്കോട് |
| വെള്ളാപ്പാണിയിൽ | മാനുവൽ(അമൽജോർജ്) | കുളക്കാട്ടുകുർശ്ശി |
| കുറ്റിക്കാടൻ | ഔസേപ്പ്(ബെർണാണ്ടോ ആന്റണി) | W.ചാലക്കുടി |
| തോപ്പുറത്ത് | തോമസ്(തോമസ് ജോർജ്ജ്) | കുളക്കാട്ടുകുർശ്ശി |
| വടക്കേതലക്കൽ | സാമുവേൽ(അലൻ ചെറിയാൻ) | U.K. |

**ഫാ. സേവ്യർ മാറാമറ്റം**
റെക്ടർ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ജൂലൈ | 6–11 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂലൈ | 13–18 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂലൈ | 20–24 | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂലൈ | 24–27 | സിസ്റ്റേഴ്സ് വരദാന വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂലൈ 27 ആഗസ്റ്റ് 1 | | ആന്തരികസൗഖ്യ ധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710.

**സെഹിയോൻ കൺവെൻഷൻ**

ജൂലൈ 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്യുന്നതാണ്. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്





# പി. എസ്. എസ്. പി.

**ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ്**

2.7.14 ബുധനാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി ഓഫീസിൽ വച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഹെഡ് മീറ്റിങ്ങുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.7.14 | തിങ്കൾ | പാലക്കാട്/മലമ്പുഴ | I bdwt ¡ mS | 11 am |
| 09.07.14 | ബുധൻ | മണ്ണാർക്കാട് | പുതുക്കാട് | 11 am |
| 10.07.14 | വ്യാഴം | ശ്രീകൃഷ്ണപുരം | കടമ്പൂർ | 11 am |
| 11.07.14 | വെള്ളി | കുഴൽമന്ദം | കണ്ണനൂർ | 11 am |
| 16.07.14 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 11 am |
| 21.07.14 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫീസ് | |
| | | | ഗൂളിക്കടവ് | 11 am |
| 23.07.14 | ബുധൻ | ആലത്തൂർ | F.C.C. വടക്കഞ്ചേരി | 11 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 14.7.14 | തിങ്കൾ | അട്ടപ്പാടി | |
| | | റീജിയണൽ ഓഫീസ് | 10.30am to 2.00 Pm |
| 15.7.14 | ചൊവ്വ | സാൻഞ്ചോ ടവ്വർ | |
| | | പാലക്കാട് | 10.30am to 2.00 Pm |
| 16.5.14 | ബുധൻ | നെന്മാറപാരിഷ് ഹാൾ | 11.00am to 1.00 Pm |
| 17.7.14 | വ്യാഴം | കരിമ്പപാരിഷ്ഹാൾ | 11.00am to 2.00 Pm |
| 23.7.14 | ബുധൻ | F.C.C.വടക്കുഞ്ചേരി | 11.00am to 1.00 Pm |

**പരിശീലനങ്ങൾ**

1. സോപ്പും സോപ്പുല്പ്പന്നങ്ങളും ജൂലൈ 4,5 അമ്പംകുന്ന്, കാഞ്ഞിരപ്പുഴ
2. സോപ്പും സോപ്പുല്പ്പന്നങ്ങളും ജൂലൈ 25,26 അട്ടപ്പാടി റീജിയണൽ സെന്റർ

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി

ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നബാർഡ് വനിതാ സ്വയം സഹായസംഘങ്ങൾ**

നിലവിൽ കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത 10 മുതൽ 20 വരെ സ്ത്രീകളെ ഒരുമിച്ചുകൂട്ടി നബാർഡിന്റെ സഹായത്തോടെ അയൽകൂട്ടങ്ങൾ രൂപീകരിച്ച് പ്രദേശിക ബാങ്കുമായി ബന്ധപ്പെടുത്തി സ്വയം തൊഴിലിനുവേണ്ടി വായ്പ തരപ്പെടുത്തി കൊടുക്കുകയും സ്വയം തൊഴിൽ പരിശീലനം നൽകി വരുകയും ചെയ്യുന്നു. ജില്ലയിൽ എവിടെയും അയൽക്കൂട്ടങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർ PSSP ഓഫീസുമായി ബന്ധപ്പെടുക.

| | |
|---|---|
| ഓഫീസ് ഫോൺ | : 0491 2527784, 0491 2520395, 9447020395 |
| കോർഡിനേറ്റർ | : 9947852087 |
| അട്ടപ്പാടി | : 9400809382/9526911581 |
| മണ്ണാർക്കാട്/ശ്രീകൃഷ്ണപുരം | : 9946743037/9400408159 |
| പാലക്കാട്/മലമ്പുഴ/ഒറ്റപ്പാലം | : 9605959099/9895074386 |
| കുഴൽമന്ദം/ചിറ്റൂർ/കൊല്ലങ്കോട് | : 8592937501 |
| ആലത്തൂർ/നെന്മാറ | : 9946369463/9747848161 |

**മൈനോരിറ്റി ഗ്രൂപ്പുകൾ**

പിന്നോക്ക വിഭാഗ വികസന കോർപറേഷന്റെ വായ്പാ സഹായങ്ങൾ പി.എസ്.എസ്. പി. വഴി ലഭ്യമാക്കുവാൻ വേണ്ടി ഇവരുടെ ഗ്രൂപ്പുകൾ പി. എസ്.എസ്.പി യുടെ സഹായത്തോടെ ആരംഭിക്കുന്നു. (ക്രൈസ്തവൻ, മുസ്ലീം, ഒ.ബി.സി) ആരംഭിക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

Save A Family Plan (SAFP)

**റീജിയണൽ പ്രോഗ്രാം ഓഫീസർ സന്ദർശനം നടത്തി**

ജൂൺമാസം 12,13,14 തിയ്യതികളിൽ സേവ് എ ഫാമിലി ഇൻഡ്യ ഓഫീസിൽ നിന്നും പാലക്കാട് രൂപതയ്ക്കുവേണ്ടിയുള്ള റീജിയണൽ പ്രോഗ്രാം ഓഫീസർ സി. സബിത PSSP യുടെ 3 റീജിയണുകളിലെയും വിവിധ സെന്ററുകളിൽ സന്ദർശനം നടത്തി. അട്ടപ്പാടി റീജിയണിൽ കോട്ടത്തറ സെന്ററിലും ഒറ്റപ്പാലം റീജിയണിൽ കല്ലടിക്കോട് സെന്ററിലും ആലത്തൂർ





റീജിയണിൽ ചിറ്റടി സെന്ററിലും ഫാമിലി ആക്ഷൻ ടീം (FAT) മീറ്റിംഗുകളിൽ സംബന്ധിക്കുകയും തുടർന്ന് അതാതു സെന്ററിലുള്ള മൂന്ന് കുടുംബങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്തു. PSSP യുടെ സേവ് എ ഫാമിലി പ്രവർത്തനങ്ങളെ വിലയിരുത്തുകയും കുടുംബങ്ങളുടെ ഹാൻഡ് ബുക്ക്, ഫയൽ, പാസ്സ് ബുക്ക് എന്നിവ പരിശോധിക്കുകയും ചെയ്തു.

**ഫാമിലി ആക്ഷൻ ടീം & സെന്റർ ലെവൽ മീറ്റിംഗുകൾ നടത്തി**

ജൂൺമാസം 16 ാം തിയ്യതി ആലങ്ങാട് സെന്ററിലും 19-ാം തിയ്യതി ആരോഗ്യപുരം സെന്ററിലും 25ാം തിയ്യതി ചുള്ളിയാംകുളം സെന്ററിലും FAT & സെന്റർ ലെവൽ മീറ്റിംഗുകൾ നടത്തി. അതാതു സെന്ററിലെ ബഹു. വികാരി അച്ചന്മാർ, ലോക്കൽ സ്പോൺസർ സിസ്റ്റർമാർ, റീജിയണൽ ആനിമേറ്റർമാർ, കുടുംബങ്ങൾ ഉൾപ്പെടുന്ന വാർഡ് പ്രതിനിധികൾ, തുടങ്ങിയവർ ഇതിൽ പങ്കെടുക്കുകയും Save A Family സഹായത്തിനു പുറമെ ലോക്കൽ ആയും പഞ്ചായത്തു വഴിയും വിവിധ സംഘടനകൾവഴി ഏതെല്ലാം വിധത്തിൽ കുടുംബങ്ങൾക്ക് റിസോഴ്സ് നേടിയെടുക്കാം എന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത പരിപാടികൾ റീജിയണൽ ആനിമേറ്റർമാർ വഴി നടപ്പിലാക്കി വരുന്നു.

**ജൂലൈമാസം പ്ലാനിംഗ്**

**റീജിയണൽ മീറ്റിംഗുകൾ**

സേവ് എ ഫാമിലിയുടെ അട്ടപ്പാടി, ഒറ്റപ്പാലം, ആലത്തൂർ എന്നീ മൂന്ന് റീജിയണുകളിലും ജൂലൈ മാസത്തിൽ റീജിയണൽ ലെവൽ മീറ്റിംഗുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽവെച്ച് നടത്തുന്നതാണ്.

| | | | |
|---|---|---|---|
| 11.07.14 | അട്ടപ്പാടി | സെന്റ് പീറ്റേഴ്സ് ചർച്ച് ഹാൾ, ജെല്ലിപ്പാറ | 10am to 1.30pm |
| 17.07.14 | ഒറ്റപ്പാലം | പാസ്റ്ററൽ സെന്റർ, ചക്കാന്തറ, പാലക്കാട് | 10am to 1.30pm |
| 23.07.14 | ആലത്തൂർ | ലൂർദ്ദ് മാതാ ചർച്ച് ഹാൾ, വടക്കഞ്ചേരി | 10am to 1.30pm |

**ജാക്ക് ഫ്രൂട്ട് മിഷൻ**

പോഷക സമ്പുഷ്ടവും ഉന്നതഗുണനിലവാരവുമുള്ള ചക്ക പ്രകൃതിയിലെ ഏറ്റവും വലിയ പഴവും കൂടിയാണ്. നമ്മുടെ പ്രദേശത്ത് ധാരാളമായി വിളയുന്ന ചക്ക നഷ്ടപ്പെടുത്താതെ വർഷം മുഴുവൻ ആഹരിക്കാവുന്ന രീതിയിൽ സംസ്ക്കരിക്കുന്നതിനും അതിലൂടെ ആരോഗ്യമുള്ള ഒരു തലമുറ സാധ്യമാക്കുന്നതിനും PSSP സ്വീകരിച്ചിരിക്കുന്ന ഒരു ദൗത്യമാണ് Jack Fruit Mission.

**ലക്ഷ്യങ്ങൾ:**

പ്ലാവ് കൃഷി പ്രോത്സാഹിപ്പിക്കുക; കർഷകന് ഒരു ചക്കയ്ക്ക് 50 രൂപ ലഭ്യമാക്കുക. പ്രാദേശിക മൂല്യവർദ്ധിത ഉല്പ്പാദന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക. ചക്ക വിഭവങ്ങൾ പ്രചരിപ്പിക്കുക, നാടൻ / മുന്തിയ

പ്ലാവിനങ്ങൾ സംരക്ഷിക്കുക. ഈ വർഷം തന്നെ സ്വന്തം കൃഷിയിടത്തിൽ 10 പ്ലാവ് നട്ടുപിടിപ്പിക്കാൻ താത്പര്യമുള്ള കർഷകരെ സംഘടിപ്പിച്ച് ഒരു Jackfruit Producers Company ജൂലൈ മാസം ആരംഭിക്കുന്നതിനും PSSP പദ്ധതിയിട്ടിട്ടുണ്ട്. ഇടവകകൾ കേന്ദ്രീകരിച്ച് നാനാജാതി കർഷകരെ സംഘടിപ്പിക്കുന്നതിന് വികാരിയച്ചന്മാരുടെ പ്രോത്സാഹനം താത്പര്യപ്പെടുന്നു.

ചക്ക നഷ്ടപ്പെടുത്താതിരിക്കുന്നതിന് കർഷകർക്ക് PSSP ചക്ക സംസ്ക്കരിച്ച് കൊടുക്കുന്നതാണ്. PSSP യിൽ മുൻകൂട്ടി അറിയിച്ച് തെരഞ്ഞെടുത്ത ചക്ക നൽകുന്നവർക്ക് അത് വർഷം മുഴുവൻ ആഹരിക്കാവുന്ന രീതിയിൽ സംസ്ക്കരിച്ച് നൽകുന്നതാണ്.

### ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധഭാഗങ്ങളിൽ 2014-2015 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച കോഴ്സുകൾ താഴെ കൊടുത്തിരിക്കുന്നു.

Part - A

| Sl. No. | Name of the Course | Curriculum adopted (DAE/NIFT/ others if any) | Duration of the course (in days) | No. of sessions | No. of Batches | No. of beneficiaries per batch | Total No. of beneficiaries |
|---|---|---|---|---|---|---|---|
| 1 | Tailor (Basic Sewing Operator) | MES | 165 | 135 | 37 | 25 | 925 |
| 2 | Hand Embroidery | NIFT | 90 | 72 | 4 | 20 | 80 |
| 3 | Machine Embroidery | NIFT | 90 | 72 | 2 | 20 | 40 |
| 4 | Fabric Painting | NIFT | 30 | 24 | 8 | 25 | 200 |
| 5 | Screen Printing | NIFT | 30 | 24 | 8 | 25 | 200 |
| 6 | Plumbing and Sanitary Work (Module I & II ) | DAE | 120 | 100 | 2 | 20 | 40 |
| 7 | Basic Electrical Training | MES | 75 | 60 | 2 | 20 | 40 |
| 8 | Bee Keeping | DAE | 30 | 25 | 1 | 25 | 25 |
| 9 | Fruits and Vegetable Processing and Preservation | DAE | 30 | 25 | 1 | 20 | 20 |
| 10 | Rexene/leather/ jute home & office articles making | NIFT | 90 | 72 | 1 | 20 | 20 |
| 11 | Bridal Jewellery Set maker | MES | 180 | 160 | 1 | 20 | 20 |
| 12 | Computer Fundamental, M.S Office and internet | MES | 75 | 60 | 1 | 20 | 20 |
| | Total | | | | 68 | | 1630 |





നെൻമാറ, കോങ്ങാട്, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിൽ JSS ന്റെ ഡ്രൈവിംഗ് പരിശീലനം തുടരുന്നു.

Driving, Beautician, Jewellary Making, Tailor തുടങ്ങിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കേരള ലേബർ മൂവ്മെന്റ് (KLM)

യൂണിറ്റുകൾ കേന്ദ്രീകരിച്ച് ക്ഷേമനിധികൾ, മെഡിക്കൽ ഇൻഷ്വറൻസ്, പെൻഷൻ പദ്ധതി, സ്കോളർഷിപ്പ് ഇവയിൽ ചേർന്നിട്ടുള്ളവരുടെ അംശാദായം പുതുക്കി വരുന്നു. പുതുതായി ക്ഷേമനിധിയിലും പെൻഷൻ പദ്ധതിയിലും ചേരുവാൻ ആഗ്രഹിക്കുന്നവർ ഉടൻ KLM ജില്ലാ ഓഫീസുമായി ബന്ധപ്പെടുന്നു. (ജില്ലാ കോർഡിനേറ്റർ : 8281876395).

ജൂലൈ മാസത്തിൽ പുതിയ യൂണിറ്റ് രൂപീകരണം നടക്കുന്ന ഇടവകകൾ;

06.07.14 കാരാകുറിശ്ശി

20.07.14 അകമലവാരം, ആനക്കൽ

**സുരക്ഷ സ്കോളർഷിപ്പ്**

സുരക്ഷ പദ്ധതിയിൽ ചേർന്നിട്ടുള്ളവരുടെ മക്കൾ 9 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നു. ഈ വർഷം മുതൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ ജൂൺ, ജൂലൈ മാസങ്ങളിൽ വാർഷിക അംശാദായം അടച്ച് പുതുക്കിയിരിക്കണം.

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

# From the Bishop's Diary

**2014 മെയ്**

30 – രൂപതാകാര്യാലയത്തിൽ ജിം ഓഫ്സെറ്റ് പ്രസ്സ് ട്രസ്റ്റ് എക്സിക്യു ട്ടീവ് ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– രൂപതാകാര്യാലയത്തിൽ ആയുർപാലന ട്രസ്റ്റിന്റെ ജനറൽബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

31 – കൊടുവായൂർ സെന്റ് തോമസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പി ച്ചു.

– പന്തലാംപാടം നിത്യസഹായമാത ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാന യർപ്പിച്ചു.

**2014 ജൂൺ**

1 – ഒറ്റപ്പാലം സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽ വിശ്വാ സപരിശീലന വർഷാരംഭത്തോടനുബന്ധിച്ച് വി.കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിക്കുന്ന കപ്പേളയുടെ ശില ആശീർവ്വദിച്ചു.

2 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

3 – പി.ഒ.സി.യിൽ പെർമനന്റ് സിനഡ് സമ്മേളനത്തിൽ സംബന്ധിച്ചു.

3-5 – കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

5 – തുറവൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

6 – പി.ഒ.സി.യിൽ ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹി ച്ചു.

7 – തൈക്കാട്ടുശ്ശേരി സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

8 – ചിറ്റൂർ ഹോളിഫാമിലി ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യ കാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

9 – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഓരോരുത്തരെ ഇന്റർവ്യൂ ചെയ്തു.

10 – രൂപതാകാര്യാലയത്തിൽ ബഹു. വൈദീകരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.





11 – കാരാകുറുശ്ശി സെന്റ് മേരീസ് ഇടവകയിൽ തറയിൽ ദേവസിയുടെ മൃതദേഹസംസ്കാരത്തിന് കാർമ്മികത്വം വഹിച്ചു.

– കരിമ്പ സി.എം.സി. സന്യാസിനികളുടെ നോവിഷ്യേറ്റ് ഹൗസിൽ നോവീസ്സസിന് ക്ലാസ്സെടുത്തു.

12 – ദൈവദാൻ സെന്ററിൽ ബഹു. അബ്രഹാം കൈപ്പൻപ്ലാക്കൽ അച്ചന്റെ 40-ാം ചരമദിനം പ്രമാണിച്ച് വി. കുർബാനയർപ്പിച്ചു.

13 – സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച വചനഹാൾ വെഞ്ചിരിച്ച് വി. കുർബാനയർപ്പിച്ചു.

14 – പാസ്റ്ററൽ സെന്ററിൽ മതാദ്ധ്യാപകർക്കുള്ള ബേസിക് ട്രെയിനിംഗ് കോഴ്സിൽ സംബന്ധിച്ചവർക്ക് ക്ലാസ്സെടുത്തു.

15 – തൃശ്ശൂർ അമല ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

16 – യുവക്ഷേത്രയിൽ യുവക്ഷേത്ര ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

17 – ജെല്ലിപ്പാറ സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ ബഹു. ജോസ് ആല യ്ക്കകുന്നേലച്ചന്റെ പിതാവിന്റെ ഒന്നാം ചരമവാർഷികം പ്രമാണിച്ച് വി. കുർബാനയർപ്പിച്ചു.

18-20 ഡൽഹിയിൽ ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

21 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

22 അകമലവാരം സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിലും ആനക്കല്ല് സെന്റ് ജോസഫ് ദൈവാലയത്തിലും വി. കുർബാനയർപ്പിച്ചു.

23 – കാഞ്ഞിരപ്പുഴ ഇടവകയിൽ ബഹു. ജോസ് കുളമ്പിലച്ചന്റെ പിതാ വിന്റെ മൃതദേഹ സംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

24 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

25 – സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിച്ച വൈദീ കർക്ക് സന്ദേശം നൽകി.

– ത്രിത്വമല ഇടവകയിൽ രോഗീസന്ദർശനം നടത്തി.

– കാരാപ്പാടം ഇടവകയിൽ ബഹു. ജോഷി ചക്കാലയ്ക്കലച്ചനെ സന്ദർശിച്ചു.

26 – രൂപതാകാര്യാലയത്തിൽ കൺസൾട്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

27 – തിരുഹൃദയ തിരുനാൾ പ്രമാണിച്ച് പാലന ആശുപത്രി ചാപ്പലിൽ വി. കുർബാനയർപ്പിച്ചു.

– രൂപതാകാര്യാലയത്തിൽ സെഹിയോൻ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.